കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുളക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ് എ കെടിഎം പി8 /1963 /2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ് എ കെടിഎം പി8 /1963 /2024 തീയ്യതി: 20/12/2024

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-10-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	22-11-2024	02-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-11-2024	02-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.യോഗേഷ് ആർ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷിതോമസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു റ്റി ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റ്റി.കെ വാസുദേവൻ നായർ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി സെറീന അബ്ദുൾ അസീസ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പ്രസന്ന എസ്.റ്റി	അസിസ്റ്റൻറ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി ശ്രുതി രാജ് ആർ	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ.മീനു ഇന്ദുചൂഡൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2023	31-03-2024
ഡോ. നിഷ മോഹൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	06-07-2023
ഡോ.ഉമനാഥ് പൈ.ജി	മെഡിക്കൽ ഓഫീസർ, ഹോമിയോ	07-07-2023	31-03-2024
ശ്രീമതി.രശ്മി പി രാജൻ	അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ജയമോൾ കെ.ജെ	ഹെഡ്മിസ്ട്രസ്	01-04-2023	13-10-2023
ശ്രീമതി ബിന്ദുറാണി എം	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ.പ്രിൻഷാദ് പി.വൈ	വി ഇ ഓ മുളക്കുളം	01-04-2023	31-03-2024
ശ്രീമതി ജിഷമോൾ	വി.ഇ.ഓ പെരുവ	01-04-2023	13-10-2023
ശ്രീമതി അനുപമ എ.റ്റി	വി.ഇ.ഓ പെരുവ	14-10-2023	31-03-2024
ഡോ.ജിംസി ജോസഫ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ. കെ.ടി. അനിൽകുമാർ	ഹെഡ് മാസ്റ്റർ	14-10-2023	31-03-2024
ശ്രീ.സാലിൻ പി എസ്സ്	അസി. എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ.ജിസ് ജോൺ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	04-12-2023
ശ്രീമതി ശില്പമോൾ എസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	05-12-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	സഞ്ചിത മൂല്യശോഷണത്തിൽ 2.61 കോടി രൂപയുടെ കുറവ് വരുത്തിയതിന് വ്യക്തതയില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24	1-1
3	ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല	1-1-2
4	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല	1-1-3
5	ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-1-4
6	ചെലവുകൾ കൃത്യമായ ബാധ്യത ശീർഷകത്തിൽ അക്രുവലായി അക്കൗണ്ട് ചെയ്യുന്നില്ല	1-1-5
7	ആസ്തിയിലില്ലാത്ത ബസ് സ്റ്റാന്റിന്റെ മൂല്യം ആസ്തിയായി അക്കൗണ്ട് ചെയ്തു.	1-1-6
8	ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-7
9	Solid Waste Management-തൻവർഷം ലഭിക്കാത്ത തുക വരവായി അക്കൗണ്ട് ചെയ്തു	1-1-8
10	റിക്കവറിയായുള്ള വരവിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	വാർഷികപദ്ധതി	1-5
15	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
16	സാമൂഹ്യ സുരക്ഷ പദ്ധതികൾ	1-7
17	കാഷ് ബാലൻസ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല	1-11
21	സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ-നികുതി നിർണ്ണയിച്ചില്ല	1-12
22	ഒരേ റോഡ് തന്നെ വിവിധ തരം തിരിവുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-13
23	വസ്തുനികുതി കുടിശിക -വികസനഫണ്ട് നഷ്ടമായി	1-14
24	അനധികൃത കെട്ടിടം-സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭിച്ചില്ല	1-15
25	വസ്തുനികുതി പരിഷ്കരണം-ഫീൽഡ് പരിശോധന പൂർത്തിയാക്കിയില്ല	1-16
26	മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു.	1-17
27	ഭൂവികസന നടപടികൾ - ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1- 18
28	അനധികൃത നിർമ്മാണം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-19
29	കെട്ടിട നിർമ്മാണത്തിനായി മണ്ണെടുപ്പ്-തുടർനടപടികൾ വിശദമാക്കിയില്ല	1-20
30	വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു	1-21
31	കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല	1-22
32	തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല	1-23
33	വാടക ഈടാക്കിയതിൽ അവ്യക്തത	1- 24
34	റിഡംപ്ഷൻ തുക – തുക തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നു.	1-25
35	വീട് പുനരുദ്ധാരണം എസ്.സി -പണികൾ പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു	1-26
36	അഗതിരഹിത കേരളം- കുടുംബശ്രീക്ക് കൈമാറിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല	1-27
37	വഴിയോരവിശ്രമകേന്ദ്രങ്ങൾ-ടേക്ക് എ ബ്രേക്ക് - ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല	1-28
38	ഇടച്ചാൽകുളം നവീകരണം - ഭാഗികമായി നടപ്പാക്കിയതിനാൽ പ്രോജക്ട്പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല	1- 29

39	പൊതുശ്മശാനം - ആധുനികവൽക്കരണം - അസിസ്റ്റന്റ് എൻജിനീയറുടെപരിശോധനാറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിൽവരുത്തിയിട്ടില്ല.	1-30
40	ക്ലറിക്കൽ പിഴവ്- നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ തുക കരാറുകാർക്ക് ലഭിച്ചില്ല.-	1-31
41	ഡിജിറ്റൽ ലൈബ്രറി- ലൈബ്രറി യാഥാർത്ഥ്യമായിട്ടില്ല	1-32
42	ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചില്ല,റ്റിഡിഎസ് കിഴിവുചെയ്തില്ല	1-33
43	എസ്.എസ്.കെ വിഹിതം നൽകൽ- അനുബന്ധ രേഖകൾ, വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല	1-34
44	ജി.എസ്.റ്റി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്തില്ല	1-35
45	സ്ത്രീ പദവി പഠനം-തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്	1-36
46	ലൈഫ് ഭവനപദ്ധതി- അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താവ് വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല	1-37
47	ലാപ് ടോപ് വാങ്ങൽ-മത്സര ക്ഷമത ഉറപ്പാക്കാനാകുന്നില്ല	1-38
48	ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു	1-39
49	കാലി ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കിയില്ല	1-40
50	അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് സ്ഥലം വാങ്ങൽ- സ്ഥലം അതിർത്തിനിർണ്ണയിച്ച് സംരക്ഷിച്ചിട്ടില്ല- കെട്ടിടനിർമ്മാണത്തിന് പ്രോജക്ട് ആവിഷ്ക്കരിച്ചില്ല	1-41
51	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-42
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-4
5	വായ്പ/വായ്പതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 സഞ്ചിത മൂല്യശോഷണത്തിൽ 2.61 കോടി രൂപയുടെ കുറവ് വരുത്തിയതിന് വ്യക്തതയില്ല.

2022-23 വർഷത്തെ വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ സഞ്ചിത മൂല്യശോഷണത്തിന്റെ മൂല്യം 3,56,50,591 ആയിരുന്നു (ബി-11(A) ഷെഡ്യൂൾ). എന്നാൽ 2023-24 ലെ വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റിൽ സഞ്ചിത മൂല്യശോഷണം 1,03,34,872 രൂപ യാണ്. 2023-24 വർഷത്തെ ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ I-18 ഷെഡ്യൂളിൽ Prior Period Expenses ആയി 2,61,29,717 രൂപ മൂല്യശോഷണമിനത്തിൽ ക്രമീകരിച്ചതായി കാണുന്നു.ആയതിന്റെ കൃത്യത വ്യക്തമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. **മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14/05/2024 തീയതിയിലെ 1 (1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 01/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി : 20.12.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-2 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല. 31.03.2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-4 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-5 ചെലവുകൾ കൃത്യമായ ബാധ്യത ശീർഷകത്തിൽ അക്രുവലായി അക്കൗണ്ട് ചെയ്യുന്നില്ല

ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ (350100101, 350100201, 350100301, 350100401, 350100501, 350100901, 350100902, 350100903) ലഭ്യമായിരുന്നിട്ടും 2023-24 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. തുടർവർഷം മുതൽ ചെലവുകൾ Payable ആയി കൃത്യമായ ബാധ്യത ശീർഷകങ്ങളിൽ വേർതിരിച്ച് മാത്രം ജേർണൽ എൻട്രിയായി (Journal Voucher) അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-6 ആസ്തിയിലില്ലാത്ത ബസ് സ്റ്റാന്റിന്റെ മൂല്യം ആസ്തിയായി അക്കൗണ്ട് ചെയ്തു.

ബസ് സ്റ്റാന്റ് ആസ്തിയുടെ മൂല്യമായി ബാലൻസ് ഷീറ്റിൽ 273700(415110801-Bus Stand) രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ബസ് സ്റ്റാന്റ് ഇല്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-1-7 ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

ബി-18 ഷെഡ്യൂൾ പ്രകാരം മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 422700 രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇപ്രകാരം തുക നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-1-8 Solid Waste Management-തൻവർഷം ലഭിക്കാത്ത തുക വരവായി അക്കൗണ്ട് ചെയ്തു

Solid Waste Management ഗ്രാന്റിനത്തിൽ തൻവർഷം വരവില്ല. എന്നാൽ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP 30 ഷെഡ്യൂളിൽ Grant For Solid Waste Management എന്ന ശീർഷകത്തിൽ 396,550 രൂപ വരവുള്ളതായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-9 റിക്കവറിയായുള്ള വരവിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല

ഓഡിറ്റ് റിക്കവറി രജിസ്റ്റർ വിശദാംശങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ RP 11 ഷെഡ്യൂളിൽ മുൻകാല വരവായി ഉൾപ്പെടുത്തിയിട്ടുള്ള റിക്കവറി തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിശാംശങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 30.03.2023 ലെ 1/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പഞ്ചായത്ത് ഭരണസമിതിയുടെ 22.01.2024 ലെ 3/3-ാം നം. തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തികവർഷാരംഭത്തിൽ അംഗീകരിച്ച ബജറ്റു പ്രകാരമുള്ളതും പുതുക്കിയ ബജറ്റ് പ്രകാരമുള്ളതുമായ വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്

	ആദ്യത്തേത്	പുതുക്കിയത്
മുന്നിരിപ്പ്	104246329	49708716
വരവ്	218041000	299026000
ആകെ	322287329	348734716
ചെലവ്	313937840	339269855
നീക്കിയിരിപ്പ്	8349489	9464861

പുതുക്കിയ ബജറ്റ് പ്രകാരം 29.90 കോടി രൂപ വരവും 33.93 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 14.66 കോടി രൂപയും ചെലവ് 13.99 കോടി രൂപയുമാണുള്ളത്. ബജറ്റ് പുതുക്കുമ്പോൾ സാമ്പത്തിക വർഷത്തെ അതുവരെയുള്ള വരവ്-ചെലവുകൾ എല്ലാം കണക്കാക്കി ആനുപാതികമായിട്ടാണ് തുകകൾ നിശ്ചയിക്കേണ്ടത്. ആദ്യ ബജറ്റിലെയും പുതുക്കിയ ബജറ്റിലെയും മുന്നിരിപ്പ് തുകകൾ പോലും യാഥാർത്ഥ്യവുമായി ബന്ധമില്ലാതെയാണ് എടുത്തിട്ടുള്ളത്. ബജറ്റ് കണക്കുകൾ യാഥാർത്ഥ്യ ബോധത്തോടും കൃത്യതയോടെയും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെന്റിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

മുന്നിരിപ്പ്	28470406
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	49684770
ആകെ	78155176
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment)	64134187
നീക്കിയിരിപ്പ്	14020989

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

ഇനം	തുക
ആകെ വരുമാനം(Income)	146611695
ആകെ ചെലവ് (Expenditure)	139869842
വരുമാന മിച്ചം (Gross Surplus)	6741853
മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment)	-25760796
അറ്റ പ്രവർത്തന നഷ്ടം	-19018943

ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2209115/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	25525000 (255250)*	25269750	18803506	6466244	74.4
വികസനഫണ്ട് എസ്.സി.പി.	0	6005000	6005000	4121122	1883878	68.6
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0	0

സംരക്ഷണഗ്രാന്റ് റോഡ്	0	13130650	13130650	2167496	10963154	16.5
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	2994600	2994600	2993659	941	99.9
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	4105421	3170000	7275421	3975519	3299902	54.6
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	945701	4351758**	5297459	3386389	1911070	64
ഐ.സി.ഡി.എസ്	942574	1639681	2582255	460077	2122178	
സമ്പൂർണ്ണ ശുചിത്വം(Scheme)	38000	138755	176755	138755	38000	
സാക്ഷരത	60	0	60	59	1	
ഖരമാലിന്യ സംസ്ക്കരണം	285670	0	285670	0	285670	
എം.എൻ ലക്ഷം വീട്	828438	0	828438	118	828320	
നിർമ്മൽ പുരസ്ക്കാർ	93973	0	93973	0	93973	
ലൈഫ്-സംസ്ഥാന വിഹിതം	2324548	4040000	6364548	6340000	24548	
ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ)	346323	932256	1278579	561692	716887	
ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററേഴ്സ്)	210567	393034	603601	225519	378082	

*ഡിമാൻഡ് ചെയ്യപ്പെടുന്ന തനത് നികുതിയുടെ 90% എങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ 1% തുക വികസന ഫണ്ട് പൊതുവിഭാഗം സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ (കൈ) നം. 179/2022/ധന. തീ. 18.10.2022) തൻ വർഷം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും255250 രൂപ സ്രോതസ്സിൽ കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്.

* *ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 124758 രൂപ ഉൾപ്പെടെ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1075296 രൂപ, 407410 രൂപ എന്നിങ്ങനെ KURDFC വായ്പ തിരിച്ചടവ് ഇനത്തിലും അങ്കണവാടി ഹോണറേറിയം ഇനത്തിൽ 1138800 രൂപയും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2.ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളിൽ ഇ-ഗ്രാമസ്വരാജ്, വാർഷികകണക്ക് എന്നിവയിൽ ചെലവ് വരാത്ത മുൻവർഷ ചെലവുകൾ തൻ വർഷം ചെലവുകളായി ക്രമീകരിച്ചിട്ടുള്ളതിനാൽ ടൈഡ്, അൺടൈഡ് ഫണ്ടുകളിൽ യഥാക്രമം 50400, 102410 എന്നീ തുകകളുടെ വ്യത്യാസം വാർഷികകണക്കുകളിലെ നീക്കിയിരിപ്പിൽ (ബി-4, ബി-17 ഷെഡ്യൂളുകൾ) നിലനിൽക്കുന്നു.

3. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു, മെയിന്റനൻസ് ഗ്രാന്റുകളുടെ മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡു ലഭിച്ചിട്ടില്ല.

4. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 124758/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ

തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 വാർഷികപദ്ധതി

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷികപദ്ധതി (2023-24) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-4-22ലെ സ.ഉ(കൈ) നം 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടിക്രമങ്ങൾ പഞ്ചായത്ത് പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നു. പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് അംഗീകരിക്കുകയും (28-12-22-ലെ അജണ്ട-2) വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾപ്രകാരം പദ്ധതി ആസൂത്രണവും/ രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പിൻതുടർന്ന നടപടിക്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തനഘട്ടം	നടന്നതീയതി
ആസൂത്രണസമിതിയോഗം	6-1-23
വർക്കിംഗ് ഗ്രൂപ്പ് യോഗം	7-1-23
പദ്ധതി രൂപീകരണ ഗ്രാമസഭകൾ	9-1-23 മുതൽ 15-1-23വരെ
ഊരുകൂട്ടം	6-2-23
വികസനസെമിനാർ	14-2-23
അന്തിമപദ്ധതിരേഖ അംഗീകാരം	15-2-23 ലെ അജണ്ട-1
ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത്	23-6-23ലെ അജണ്ട-3
അന്തിമഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത്	14-9-23ലെ അജണ്ട-1 (3)
നിർവ്വഹണോദ്യോഗസ്ഥരുടെ യോഗങ്ങൾ	15-5-23
ഗുണഭോക്തൃഗ്രാമസഭകൾ	10-6-23 മുതൽ 18-6-23വരെ

വികസന സെമിനാറിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുയും ചെയ്തിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വിവിധ വികസന മേഖലകളിലായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

വാർഷിക പദ്ധതിച്ചെലവ് 33.56 ശതമാനം മാത്രം

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 19.49 കോടി രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകൾ 53 എണ്ണം ഉൾപ്പെടെ ആകെ 269 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 158 പ്രോജക്ടുകൾക്കുവേണ്ടി 6.54 കോടി രൂപ മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണചുമതല 12 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം കിട്ടിയ പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	വകയിരു-ത്തിയ തുക	ചെലവഴിച്ച തുക	ചെലവു ശതമാനം
കൃഷി ഓഫീസർ	6	3	2196600	685284	31.20%
വെറ്റിറിനറി സർജൻ	7	7	2111000	1519872	72%
മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	13	13	4917233	3114275	63.33%

മെഡിക്കൽ ഓഫീസർ, ഹോമിയോ	5	5	291236	276293	94.87%
ഫിഷറീസ് ഇൻസ്പെക്ടർ	3	3	428707	328707	76.67%
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1	22	16	100341179	25852518	25.76%
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	14	14	7078665	4104779	57.99%
സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	43	16	16463170	9208156	55.93%
ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ	5	4	1722800	1631103	94.68%
അസിസ്റ്റന്റ് എൻജിനീയർ	135	64	4,98,87,113	1,46,47,889	29.36%
ഡയറി ഫാം ഇൻസ്ട്രക്ടർ	5	4	6540000	1798371	27.5%
അസിസ്റ്റന്റ് സെക്രട്ടറി	11	9	2990259	2274107	76.05%
ആകെ	**269**	**158**	**193128029**	**64654143**	**33.57%**

വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ വാർഷികപദ്ധതി ചെലവ് 33.57% മാത്രം

വിവിധ വിഭവസ്ത്രോതസ്സുകൾ വഴി വലിയതുക വാർഷികപദ്ധതിയിൽ വകയിരുത്തുകയും എന്നാൽ വകയിരുത്തിയ തുകയ്ക്കാനുപാതികമായി ഫണ്ട് ലഭ്യമാകാതെവന്നതും, ആവിഷ്കരിച്ച പ്രോജക്ടുകൾ എല്ലാം നടപ്പാക്കാൻ കഴിയാതിരുന്നതും, പൂർത്തീകരിച്ച പല പ്രോജക്ടുകളുടെയും പേമെന്റ് ബില്ലുകൾ ട്രഷറിയിൽ പാസ്സാക്കാതിരുന്നതുമെല്ലാം ചെലവുശതമാനം കുറയുന്നതിനിടയായി.

1.93 കോടി രൂപയുടെ സർക്കാർ ഗ്രാന്റുവിഹിതം നഷ്ടമായി

ഗ്രാമപഞ്ചായത്തിൽ തൻവർഷം ലഭ്യമായ സർക്കാർ ഗ്രാന്റ് തുകയിൽ ചുവടെ ചേർക്കുന്ന ഫണ്ട് വിഭാഗങ്ങളിലായി 1.93 കോടിയിലധികം രൂപ ചെലവഴിച്ചിട്ടില്ലാത്തതിനാൽ സർക്കാരിലേക്ക് തിരിച്ചെടുത്തിട്ടുണ്ട്. നിർവ്വഹണനടപടിക്രമങ്ങൾ പൂർത്തിയാക്കിയ പ്രോജക്ടുകളുടെ പേമെന്റ് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നത് പാസ്സാകാതെ ക്യൂലിസ്റ്റിലായതും, കൂടാതെ പ്രോജക്ടുകൾ നടപ്പാക്കാതെയും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കാതിരുന്നതും ഇത്തരത്തിൽ ഫണ്ട് ലാപ്സാകുന്നതിന് കാരണമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ക്യൂബിൽ തുക	പ്രോജക്ടുകൾ നടപ്പാക്കാതെ നഷ്ടമായ തുക	ആകെ തുക
വികസനഫണ്ട്-ജനറൽ	64,66,244	-	64,66,244
എസ്.സി.പി	90,160	17,93,718	1883878
സംരക്ഷണഗ്രാന്റ് -റോഡ്	17,46,561	92,16,593	10963154
സംരക്ഷണഗ്രാന്റ്-റോഡിതരം	-	941	941
	8302965	1,10,11,252/-	1,93,14,217

റോഡ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചില്ല – ഒരു കോടിയിലധികം രൂപയുടെ ഗ്രാന്റ് നഷ്ടം

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) പ്രവൃത്തികൾക്കായി സർക്കാരിൽ നിന്നും ലഭിച്ച 13130650/- രൂപയുടെ അലോട്ട്മെന്റിൽ നിന്നും തൻവർഷം ചെലവഴിക്കാനായത് കേവലം 2167496/-രൂപയാണ്. ചെലവ് 16.5% മാത്രം. നിശ്ചിത സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്തതിനാൽ 10963154/-രൂപ സർക്കാർ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തിട്ടുണ്ട്. ലഭ്യമായ സർക്കാർ ഗ്രാന്റ് സർക്കാർ നിർദ്ദേശാനുസരണമുള്ള മിനിമം ചെലവുപരിധി കൈവരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ചുവടെ ചേർക്കും പ്രകാരം ധനനഷ്ടം സംഭവിക്കുന്നു.

സ്പിൽ ഓവർ വിഹിതം ലഭിക്കുന്നത് 20% മാത്രം

ധനകാര്യവകുപ്പിന്റെ 15-7-2021-ലെ ജി.ഓ (എം.എസ്)79/2021/ ധന നമ്പർ ഉത്തരവനുസരിച്ച് ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന വികസനഫണ്ട് , മെയിന്റനൻസ് ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം ഈയിനങ്ങളിൽ ആകെ അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമാണ് ക്യാരി ഓവർ ചെയ്ത് സ്പിൽ ഓവർ വിഹിതമായി അടുത്തസാമ്പത്തികവർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ആയതിനാൽ തൻവർഷം ഒരു കോടിയിലധികം രൂപ ഫണ്ട് നഷ്ടം ഉണ്ടായതിൽ 26,26130/- രൂപ മാത്രമേ നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിക്കുന്നതിന് അടുത്തവർഷം ലഭ്യമാവുകയുള്ളൂ. ബാക്കിതുക അടുത്തവർഷത്തെ അലോട്ട്മെന്റിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്.

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന പ്രോജക്ട് ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

വഴിയോരവിശ്രമകേന്ദ്രങ്ങൾക്കായി മുൻ വാർഷികപദ്ധതികളിൽ ആവിഷ്ക്കരിച്ചു നടപ്പാക്കിയ പ്രോജക്ടുകളുടെ തുടർപരിപാലനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കി.

ആധുനിക പൊതുശ്മശാനത്തിനായി 2020-21 ൽ ആവിഷ്ക്കരിച്ച പ്രോജക്ട് പൂർത്തീകരണഘട്ടത്തിലാണ്.

കെട്ടിടമില്ലാത്ത രണ്ട് അങ്കണവാടികൾക്ക് കെട്ടിടംപണിയുന്നതിനായി സ്ഥലംവാങ്ങിആധാരം നടത്തിയെങ്കിലും കെട്ടിടം പണിയുന്നതിനുള്ള പ്രോജക്ട് തുടർവർഷവും ആവിഷ്ക്കരിച്ചിട്ടില്ല.

ഡിജിറ്റൽ ലൈബ്രറിക്കായി ആവിഷ്ക്കരിച്ച പ്രോജക്ട്പ്രകാരം ഓഡിറ്റ് വർഷം 3.26/-ലക്ഷം രൂപയോളം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഡിജിറ്റൽ ലൈബ്രറി യാഥാർത്ഥ്യമായിട്ടില്ല.

വിവിധ നാട്ടുതോടുകളുടെ____________നീരൊഴുക്ക് സുഗമമാക്കുന്നതിനായി പ്രോജക്ടുകൾആവിഷ്ക്കരിച്ചുനടപ്പാക്കി.

കാർഷികമേഖലയിൽ ആവിഷ്ക്കരിച്ച 6പ്രോജക്ടുകളിൽ 3 എണ്ണത്തിനുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. നെൽ കൃഷി വികസനത്തിനായി ആവിഷ്ക്കരിച്ച രണ്ട് പ്രോജക്ടുകൾക്കും തൻവർഷം തുക ചെലവഴിച്ചിട്ടില്ല തരിശുകൃഷി വികസനത്തിനായി പ്രോജക്ടുകൾ ഒന്നും തൻവർഷം ആവിഷ്ക്കരിച്ചിട്ടില്ല. നടപ്പാക്കിയ പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളുടെ കൃത്യതയോടെ സൂക്ഷിച്ചിട്ടുണ്ട്.

ആരോഗ്യമേഖലയിൽ പി എച്ച് സി മുഖേന പാലിയേറ്റീവ് കെയർ പദ്ധതി, മരുന്നുവാങ്ങൽ , ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ മുതലായ പ്രോജക്ടുകൾ തൃപ്തികരമായി നടപ്പാക്കി. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകളും ലാപ്ടോപ്പും വാങ്ങുന്നതിനായി ആവിഷ്ക്കരിച്ച പ്രോജക്ടുകൾ പ്രകാരം മരുന്നുകളും ലാപ്ടോപ്പും ലഭ്യമായിട്ടുണ്ട്. ലൈഫ് മിഷൻ, ആശ്രയ, പി.എം.എ.വൈ ഭവനനിർമ്മാണ/പുനരുദ്ധാരണം പദ്ധതികൾക്കായും തുകചെലവഴിച്ചു.

മോണിറ്ററിംഗ്

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രോജക്ടുകൾക്ക് രൂപവും ഭാവവും നൽകിയ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച് നിർവ്വഹണ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ടി ചുമതല നിറവേറ്റിയിട്ടില്ല.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ 2023-24 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 17 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം 38 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 553 പദ്ധതികളിൽ 277 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 175 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 56097 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 793 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം , ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം മുതലായ പ്രോജക്ടുകൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	548	708269	708817	704862	3955
തൊഴിലാളികൾക്ക് നേരിട്ടു നൽകിയത്	0	18738748	18738748	18738748	0

ആകെ	548	199447017	19447565	19443610	3955

1-7 സാമൂഹ്യ സുരക്ഷ പദ്ധതികൾ

2023-24 വർഷം മുളക്കുളം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി 4.7 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഇനം, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പട്ടികയിൽ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	ഇല്ല	-
വാർദ്ധക്യകാലപെൻഷൻ	29506800/-	2852
കർഷകതൊഴിലാളി പെൻഷൻ	4145600/-	332
വിധവാപെൻഷൻ	9581400/-	895
50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്ക് പെൻഷൻ	647800/-	59
വികലാംഗപെൻഷൻ	3035,100/-	271
വിവാഹ ധനസഹായം	90,000/-	3

1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി മുളക്കുളം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 22/11/2024 തീയതിയിൽ 3 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 10118/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ തയാറാക്കിയിട്ടുണ്ട്. നികുതി പിരിവുകൾ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തൽ നടത്തുന്നുണ്ടെങ്കിലും വസ്തുനികുതി പിരിവ് പൂർണ്ണമാക്കാൻ സാധിച്ചില്ല. 31.3.2024 ൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 25 ലക്ഷം രൂപ വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നു. മുൻവർഷം നികുതി പിരിവുകൾ 90 ശതമാനം കൈവരിക്കാതിരുന്നതിനാൽ പഞ്ചായത്തിന് അനുവദിച്ച വികസനഫണ്ടിൽ നിന്നും 10% തുക, ₹2,55,250/ രൂപ കുറവ് ചെയ്തിരുന്നു. സ്യൂട്ട് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വ്യക്തമല്ല. കേസുകളുടെ തുടർ നടത്തിപ്പ്, തീർപ്പ്, ഫീസിനത്തിൽ നൽകിയ തുകകൾ തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല. മണ്ണെടുപ്പ് വ്യാപകമായ പഞ്ചായത്തിൽ മിനറൽ ട്രാൻസിറ്റ് പാസ് എടുക്കുന്നവരും ഡെവലപ്പ്മെന്റ് പെർമിറ്റ് എടുക്കുന്നവരും പെർമിറ്റ് അനുവദിച്ചതിന് ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ ബേസ്മെന്റ് എങ്കിലും പൂർത്തിയാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നില്ല. തൊഴിൽ നികുതി, വാടക രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളും ഡിസിബി തയ്യാറാക്കലും കാര്യക്ഷമമായിരുന്നില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് ചെലവ് ഐ.എൽ.ജി.എം.എസിൽ ലഭ്യമാണെങ്കിലും പൂർണ്ണമായി അനുബന്ധ രേഖകൾ അറ്റാച്ച് ചെയ്യുന്നില്ല. തൻവർഷം ഒരു കോടി രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് ആരംഭിക്കാനായത് നേട്ടമാണ്.

അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിച്ച് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	27.12.2019	2014-15 മുതൽ 2018-19 വരെ	LBA(HQ)-11/11/8A/110/2019/20 DT 03.01.2020

1-11 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 22/06/2023 ലെ 3/1 തീരുമാനത്തിൽ നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചു. വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ നിരക്കുകൾ പരിഷ്കരിച്ച് 14.09.23 ലെ (5/1) തീരുമാനപ്രകാരം അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്കും പുതിയ നിരക്ക് ബാധകമാക്കാതെ പരിഷ്കരിക്കാത്ത നികുതി നിരക്കിന്റെ 5% അധികരിച്ച നിരക്കാണ് നിർണ്ണയിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാകുന്നത്. വ്യത്യസ്ത ഉപയോഗക്രമങ്ങളിലുള്ള ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ഉപയോഗക്രമം	നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക്(രൂപ)	നിർണ്ണയിക്കേണ്ട നിരക്ക്(രൂപ)	വ്യത്യാസം(രൂപ) ചതുരശ്ര മീറ്ററിന്
പാർപ്പിടാവശ്യം (300 ച.മീ. വരെയുള്ളവ)	6.3	8	1.7
പാർപ്പിടാവശ്യം (300 ച.മീറ്ററിന് മുകളിലുള്ളവ)	6.3	10	3.7
വാണിജ്യാവശ്യം-മാളുകൾ	84	90	6
വാണിജ്യാവശ്യം-100 വരെയുള്ളവ	42	65	23
വാണിജ്യാവശ്യം-100 മുതൽ 500 വരെയുള്ളവ	63	80	17
ആശുപത്രികൾ	4.2	30	25.8

ഇപ്രകാരം പഴയ നിരക്കിൽ നികുതി നിർണയിച്ചതിനാൽ നികുതി നിർണയത്തിൽ കുറവുണ്ടായ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

ക്രമ നം	കെട്ടിട നം., കെട്ടിട ഉടമ	ഉപയോഗക്രമം	വിസ്തീർണ്ണം(ച.മീ.)	നിർണ്ണയിച്ച നികുതി നിരക്ക് (ച.മീ.)	നിർണ്ണയിക്കേണ്ടിയിരുന്ന നികുതി നിരക്ക് (ച.മീ)
1	2/307 A സുമേഷ് എം.കെ.	പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ	242.29	6.3	8
2	10/332 A,	പാർപ്പിടാവശ്യം-സ്വന്തം	325.54	6.3	10

	ഷിബി ജോസഫ്	താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ			
3	6/433 A,B, സജിത്ത് സി നായർ	വാണിജ്യാവശ്യം-മാളുകൾ	446.82	84	90
4	15/633 B, അന്നമ്മ നാരേക്കാട്	വാണിജ്യാവശ്യം-മാളുകൾ	1080.43	84	90
5	15/633 E, അന്നമ്മ നാരേക്കാട്	ആശുപത്രികൾ	222.75	4.2	30
6	1/22 B, അന്നമ്മ ചാക്കോ	വാണിജ്യാവശ്യം-100 വരെയുള്ളവ	23.12	42	65
7	3/305 B,C,D,E,F, ലക്ഷ്മികുട്ടിയമ്മ	വാണിജ്യാവശ്യം-100 മുതൽ 500 വരെയുള്ളവ	134.1	63	80

ഇപ്രകാരം പഴയ നികുതി നിരക്കിൽ 01/04/2023 നു ശേഷവും നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടാകുന്നതായി കാണുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/27.11.24) മറുപടി ലഭ്യമായില്ല. നികുതി പരിഷ്കരണത്തിൽ കുറവ് വന്നിട്ടുള്ള മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെയും പഞ്ചായത്തിലെ മറ്റ് സമാന കെട്ടിടങ്ങളുടെയും നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ-നികുതി നിർണ്ണയിച്ചില്ല

സ.ഉ.(അച്ചടി) നം.25/2023/LSGD/5.4.23 നം. വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരം സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യ സ്വഭാവത്തോട് കൂടിയവ എന്ന ഉപയോഗക്രമത്തിന് കുറഞ്ഞത് 25 കൂടിയത് 45 എന്ന് നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഈ ഉപയോഗക്രമത്തിലുള്ളവയ്ക്ക് 45 രൂപ ച.മീറ്ററിന് നിരക്ക് നിശ്ചയിക്കുയും ചെയ്ത് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. സഞ്ചയ പ്രകാരം പ്രസ്തുത ഉപയോഗക്രമത്തിൽപ്പെട്ട നിർമ്മിതികൾക്കൊന്നും നികുതി നിർണ്ണയിച്ചിട്ടില്ല. പഞ്ചായത്തിൽ നിലവിൽ ഈ ഉപയോഗക്രമത്തിൽ പ്രവർത്തിച്ചു വരുന്ന Green Yard Sports Hub പെരുവ എന്ന ടർഫിന് നികുതി നിർണ്ണയിച്ചിട്ടില്ലെന്നു കാണുന്നു. ടർഫിന് നികുതി നിർണയിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/27.11.24) മറുപടി ലഭ്യമായില്ല. മേൽ ടർഫിന്റെയും പഞ്ചായത്ത് പരിധിയിൽ സമാനമായ മറ്റ് നിർമ്മിതികളുണ്ടെങ്കിൽ ആയതിന്റെയും നികുതി നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ഒരേ റോഡ് തന്നെ വിവിധ തരം തിരിവുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട്

സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്ത് ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	3/305 C	ലക്ഷ്മികുട്ടിയമ്മ	പെരുവ - പിറവം	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
2	3/293 A	സലിംകുമാർ		5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
3	13/346 A	സരിൻ എം.എസ്.	കീഴൂർ ആപ്പാഞ്ചിറ	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
4	13/265 A	രാജേന്ദ്രൻ		5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/27.11.24) മറുപടി ലഭ്യമായില്ല. പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതും റോഡ് മാസ്റ്റർ പരിഷ്കരിക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-14 വസ്തുനികുതി കുടിശിക -വികസനഫണ്ട് നഷ്ടമായി

പഞ്ചായത്ത് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 15 പ്രകാരം വസ്തുനികുതിയിനത്തിൽ 2564363 രൂപ കുടിശികയുണ്ട്. പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ ഉൾപ്പെടെ വസ്തുനികുതി കുടിശികയുണ്ട് (2/372 -Indus Tower- 34038/-, 12/325 A-Reliance Communications – 30421/-). 2022-23 സാമ്പത്തികവർഷം റവന്യൂ പിരിവിൽ ഇപ്രകാരം 90% കൈവരിക്കാതിരുന്നത് മുൻനിർത്തി 2023-24 ലെ വികസനഫണ്ടിൽ നിന്നും 1% തുക ₹255250/- രൂപ സർക്കാർ തൻവർഷത്തെ വികസനഫണ്ട് (പൊതുവിഭാഗം) അലോട്ട്മെന്റിൽ കുറവു വരുത്തിയിട്ടുണ്ട്. നികുതി കുടിശിക പിരിച്ചെടുക്കാൻ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.11.24) മറുപടി ലഭിച്ചില്ല. റവന്യൂ വരവിനങ്ങളുടെ പിരിവ് കാര്യക്ഷമമാക്കേണ്ടതും വികസനഫണ്ട് വിഹിതം കുറവ് ചെയ്യപ്പെടുന്ന സാഹചര്യം തുടർ വർഷങ്ങളിൽ ഒഴിവാക്കേണ്ടതുമാണ്. കുടിശിക തുകകൾ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 അനധികൃത കെട്ടിടം-സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭിച്ചില്ല

പഞ്ചായത്തിന്റെ പത്താം വാർഡിൽ അനധികൃതമായി നിർമ്മിച്ച വാണിജ്യ-പാർപ്പിട ഗണത്തിൽപ്പെട്ട കെട്ടിടവുമായി ബന്ധപ്പെട്ട് ബഹു കേരള ഹൈക്കോടതി മുമ്പാകെയുള്ള W P (C) 4433/21, 4606/21 നമ്പർ കേസുകളിലെ 11/11/2022 തിയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് 25.05.2023 തീയതി നടന്ന ഭരണസമിതി യോഗത്തിൽ (അജണ്ട 20 / 1) തീരുമാനിച്ചിരുന്നു. ത്യേസ്യാമ്മ കുര്യൻ, ചെമ്പോല ഹൗസ് എന്ന വ്യക്തിയുടെ പേരിലുള്ളതും മുളക്കുളം വില്ലേജ് സർവേ നമ്പർ 104/2-7 ൽ പ്പെട്ട സ്ഥലത്ത് നിർമ്മിച്ച 2667.78 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ക്രമവൽക്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് കോട്ടയം ടൗൺ പ്ലാനിംഗ് ഓഫീസർ നൽകിയ 15.03.2019 ലെ സി 365/2019/ Kdis ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് അപേക്ഷ സമർപ്പിക്കുവാനും നിശ്ചയിച്ചിട്ടുള്ള 1617720/-രൂപ കോംമ്പൗണ്ടിംഗ് ഫീസ് വിധി ലഭിച്ച് മൂന്നുമാസത്തിനകം അടവാക്കുവാനും ഹൈക്കോടതി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. സഞ്ചയ രേഖകൾ പ്രകാരം നിലവിലും കെട്ടിടം അനധികൃത നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുള്ളതായാണ് കാണുന്നത് (UA 1/UA (2017), UA 2/UA (2017)). എന്നാൽ കെട്ടിടത്തിന്റെ വസ്തുനികുതി കുടിശികയാണ്. കെട്ടിടം ക്രമവൽക്കരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/27.11.24) മറുപടി ലഭിച്ചില്ല. കെട്ടിടം ക്രമവൽക്കരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കോംമ്പൗണ്ടിംഗ് ഫീസ്, വസ്തുനികുതി കുടിശിക എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 വസ്തുനികുതി പരിഷ്കരണം-ഫീൽഡ് പരിശോധന പൂർത്തിയാക്കിയില്ല

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണത്തോടൊപ്പം നിലവിൽ പഞ്ചായത്തിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി ആവശ്യമായ ഫീൽഡ് പരിശോധനയിലൂടെ വിവരം ശേഖരിക്കുന്നതിനും 30.6.2023 ന് മുമ്പായി പൂർത്തിയാക്കുന്നതിനും നിർദേശിച്ചിരുന്നു. വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി യോഗ്യതയുള്ളവരെ നിയമിക്കേണ്ടതാണെന്നും വിവരശേഖരണം സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10 ശതമാനത്തിൽ കുറയാത്ത എണ്ണം കെട്ടിടങ്ങളുടെ വിവരം സെക്രട്ടറിമാർ ചുമതലപ്പെടുത്തുന്ന ഉദ്യാഗസ്ഥർ നേരിട്ട് പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനുള്ള നിർദേശവും നൽകിയിട്ടുള്ളതാണ്. വിവരശേഖരണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/27.11.24) മറുപടി ലഭ്യമായില്ല. ഫീൽഡ് പരിശോധനയ്ക്ക് യോഗ്യതയുള്ളവരെ നിയമിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരശേഖരണവും മേൽപരിശോധനയും പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാ ബേസായ സഞ്ചയ പ്രകാരം 17 വാർഡുകളുള്ള പഞ്ചായത്തിൽ കേവലം 13 മൊബൈൽ ടവറുകളുടെ വസ്തുനികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. പഞ്ചായത്ത് കെട്ടിടം സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ നിന്നും കാണാവുന്ന 2 മൊബൈൽ ടവറുകൾ വാർഡ് 5 ൽ സ്ഥിതി ചെയ്യുന്നുണ്ട് . (1. എയർടെൽ ടവർ-സർവെ നമ്പർ-314/-3,311, 2. റിലയൻസ് ജിയോ-സർവെ നമ്പർ 311/7B). എന്നാൽ വാർഡ് 5- പെരുവ ടണിൽ സഞ്ചയ ഡേറ്റാ പ്രകാരം മൊബൈൽ ടവറുകളുകളുടെയൊന്നും നികുതി നിർണ്ണയിച്ചിട്ടില്ല. അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/27.11.24) മറുപടി ലഭിച്ചില്ല. മേൽ ടവറുകളുടെ നികുതി നിർണ്ണയിക്കുന്നതിനോടൊപ്പം പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളും ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി ഡേറ്റാ ബേസിലുൾപ്പെടുത്തി നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1- 18 ഭുവികസന നടപടികൾ - ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പഞ്ചായത്ത് കെട്ടിടത്തോട് തൊട്ടു ചേർന്നുള്ള സ്ഥലത്ത് നിലവിൽ ഭൂവികസനം നടത്തി വരുന്നതായി ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത ഭൂമിയുടെ ഒരു വശത്ത് തലയോലപ്പറമ്പ് പെരുവ പി.ഡബ്ല്യു.ഡി റോഡും ഒരു വശത്ത് പഞ്ചായത്ത് റോഡുമാണുള്ളത്. വികസനം നടക്കുന്ന സ്ഥലത്തിന് ചുറ്റുമതിലും പണിതിട്ടുണ്ടെന്ന് കാണുന്നു. ഇതുമായി ബന്ധപ്പെട്ട് പെർമിറ്റ്/ ഭൂവികസന പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/27.11.24) മറുപടി ലഭിച്ചില്ല. പഞ്ചായത്ത് കോമ്പൗണ്ടിനോട് ചേർന്നു തന്നെ നടത്തി വരുന്ന ഭൂവികസനം സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും രേഖകൾ ലഭ്യമാക്കാത്ത സാഹചര്യം ഗൗരവ സ്വഭാവമുള്ളതാണ്. ഭൂവികസനവും മണ്ണെടുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കക്ഷിയായിട്ടുള്ള ധാരാളം കേസുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഭൂവികസനം നടത്തുന്നതിന് മതിയായ രേഖകൾ ലഭ്യമാക്കി പെർമിറ്റ് എടുത്തിട്ടുള്ള പക്ഷം ആയത് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഭൂവികസന പെർമിറ്റ് എടുക്കാത്തത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരവും ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന്റെ വിശദീകരണവും ഹാജരാക്കേണ്ടതാണ്.

1-19 അനധികൃത നിർമ്മാണം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

11.7.23 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ട 20 ൽ അഞ്ചാം വാർഡിൽ പഞ്ചായത്ത് അനുമതിയില്ലാതെയുള്ള ശ്രീ.ജോർജ് മാണി,കഴിഞ്ചിക്കാട്ടിൽ വകയും ശ്രീ.ജോൺസൺ മാന്താനം വകയും ആയിട്ടുള്ള കെട്ടിട നിർമ്മിതികൾ ബഹു.ഹൈക്കോടതി വിധി പ്രകാരം പൊളിച്ച് നീക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.മാത്യു വർഗീസ്,പാലമറ്റം,പെരുവ. എന്നയാൾ സമർപ്പിച്ച പരാതിയിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതിന് അംഗീകരിച്ചു തീരുമാനിച്ചിട്ടുണ്ട്. ഫയലിൽ ഇതുമായി ബന്ധപ്പട്ട WP(C)13211/2015 നമ്പർ കേസിൽ 29.11.2016 ൽ വിധി വന്നിട്ടുള്ളതായും തുടർനടപടികൾ സ്വീകരിക്കുവാൻ തൽസ്ഥിതി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഫയലുകൾ കൈമാറുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ ഡേറ്റാ ബേസ് പ്രകാരം 2015 ൽ നിർമ്മിക്കപ്പെട്ട പ്രസ്തുത കെട്ടിടത്തിന് നാളിതു വരെയായി അനധികൃത നിർമ്മാണത്തിലുൾപ്പെടുത്തി UA നമ്പർ അനുവദിച്ചതായോ നികതി ക്രമവൽക്കരിച്ചതായോ നികുതി പിരിച്ചതായോ കാണുന്നില്ല. മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/30.11.24)

മറുപടി ലഭിച്ചില്ല. തുടർ നടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-20 കെട്ടിട നിർമ്മാണത്തിനായി മണ്ണെടുപ്പ്-തുടർനടപടികൾ വിശദമാക്കിയില്ല

മുളക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്നും മുൻ വർഷങ്ങളിൽ ശ്രീ ജോസഫ് കോട്ടൂരാൻ (ഒരു കെട്ടിടം), മിഥുൻ വിജയൻ വടക്കൂട്ട് (2 കെട്ടിടങ്ങൾ) എന്നീ വ്യക്തികൾ യഥാക്രമം 294 ച.മീ., 294 ച.മീ., 209.89 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പെർമിറ്റെടുത്തിരുന്നു. ശ്രീ മിഥുൻ വിജയൻ എന്ന വ്യക്തിയുടെ ഒരു കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 828.81 ച.മീ. സ്ഥലത്തു നിന്നായി 3820.81 M^3(Cubic Metre) മണ്ണും രണ്ടാമത്തേതിന് 777.51 ച.മീ. സ്ഥലത്തു നിന്നായി 3732.04m^3 Cubic Metre മണ്ണും ശ്രീ ജോസഫ് കോട്ടൂരാന്റെ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 823.38 ച.മീ. സ്ഥലത്തു നിന്നായി 3705.219 Cubic Metre മണ്ണും എടുക്കുന്നതിനാണ് പ്ലാൻ പ്രകാരം അപേക്ഷ നൽകിയത്. പഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭിച്ചതിനെ തുടർന്ന് മിനറൽ ട്രാൻസിറ്റ് പാസിനായി മേൽ വ്യക്തികൾ ജിയോളജി വകുപ്പിനെ സമീപിക്കുകയും മണ്ണെടുക്കുന്നതിനായി പ്ലാനിൽ കാണിച്ചിട്ടുള്ള അളവുകൾ കൂടുതലാണെന്ന കാരണത്താൽ പ്ലാനിൽ മാറ്റം വരുത്താൻ ജിയോളജിസ്റ്റ് ആവശ്യപ്പെടുകയും ചെയ്തു. കെട്ടിടം നിർമ്മിക്കേണ്ട ഭൂമി നിരപ്പാണെന്നും പ്ലാനിൽ കാണിച്ചിട്ടുള്ള അളവിൽ മണ്ണെടുക്കേണ്ട ആവശ്യകതയില്ലെന്നും ജിയോളജിസ്റ്റ് ചൂണ്ടിക്കാട്ടിയിരുന്നു. ആയതിനെതിരെ കക്ഷികൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും പരാതിയിന്മേൽ ജിയോളജിസ്റ്റ്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ സംയുക്ത പരിശോധന നടത്തി എടുക്കേണ്ട മണ്ണിന്റെ അളവ് സംബന്ധിച്ച് ആറാഴ്ചക്കുള്ളിൽ അന്തിമ തീരുമാനത്തിലെത്തുന്നതിന് ബഹു. ഹൈക്കോടതി നിർദേശിക്കുകയും ചെയ്തിട്ടുണ്ട് (നം. Wp(C) 20372/23, Wp(C) 20398/23, Wp(C) 20574/23). പരാതിക്കാരുടെ കെട്ടിട നിർമ്മാണത്തിന് എത്ര ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെന്ന് സംയുക്ത പരിശോധനയിലൂടെ നിശ്ചയിച്ചതിന്റെ വിവരങ്ങൾ, പെർമിറ്റ് വിവരങ്ങൾ, നിലവിൽ കെട്ടിടങ്ങൾ പണി ആരംഭിച്ചിട്ടുണ്ടോയെന്നുള്ള വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/30.11.24) മറുപടി ലഭിച്ചില്ല. തുടർ നടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-21 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസിൽ വസ്തുനികുതി സപ്ലിമെന്ററി അസസ്മെന്റ് പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള, വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി, ചതുരശ്ര മീറ്ററിന് 40/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. 22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണ വിജ്ഞാപനപ്രകാരം 100ച. മീ. മുകളിൽ 500 ച. മീ വരെയുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കപ്പെടേണ്ടത്. കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് മൂലം, ചട്ട പ്രകാരമുള്ള നികുതി തുക ഈടാക്കുവാൻ സാധിച്ചിട്ടില്ല. കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	കെട്ടിട ഉടമയുടെ പേര് /വിലാസം	തറ വിസ്തീർണ്ണം (ച. മീ)	നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (Rs. 80/ M2)	നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന നികുതി (Rs. 40/ M2)	അടിസ്ഥാന നികുതിയിൽ ഉള്ള കുറവ്
1)	3/305 B,C,D,E,F	ലക്ഷ്മികുട്ടിയമ്മ	134.1 (26.82*5)	9,656/- (10% ഇളവ് ഉൾപ്പെടെ)	4828/-	4828/-

ഇപ്രകാരം കെട്ടിടം വിഭജിച്ച് നമ്പറിംഗ് നടത്തി, നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/27.11.2024) മറുപടി ലഭിച്ചില്ല. നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സമാനമായ രീതിയിൽ പഞ്ചായത്തിലെ ഇതര

കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചിട്ടുള്ള പക്ഷം സഞ്ചയ ഡേറ്റാ ബേസിൽ ആവശ്യമായ പരിശോധനകൾ നടത്തി ആയത് പുനർനിർണയിക്കേണ്ടതുമാണ്.

1-22 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

മുളക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് കരാർ വച്ചവരിൽ, നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

ക്രമനം.	2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി
1	കെ.കെ ശശിധരൻ നായർ
2	എം.എൻ രാജു
3	സിജിമോൾ ജോർജ്
4	നിധിൻ മാത്യു
5	ജോസഫ് ജോസ്
6	അബ്ദുൾ ഫൈസി
7	അമൽ ചാക്കോ
8	ജിനേഷ് ജേക്കബ്
9	ജോസഫ് കുര്യൻ
10	ഫിലിപ്പ് എസ്
11	രവീന്ദ്രൻ നായർ
12	ബിനു പി രാജൻ

ടി കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്തുകൂടി പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ തൊഴിൽനികുതി ഒടുക്കുവിവരം പരിശോധിച്ച് ആവശ്യമെങ്കിൽ നികുതി ഡിമാൻറ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽനികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാൻറ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽനികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു നൽകിയ (38/30.11.2024) ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും നിയമാനുസൃതമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം
1.	KAMUP സ്കൂൾ	ഒന്നാം അർദ്ധവർഷം
2	CHC അറുന്നൂറ്റിമംഗലം	രണ്ടാം അർദ്ധവർഷം
3	പോലീസ് സ്റ്റേഷൻ വെള്ളൂർ	1,2 അർദ്ധവർഷങ്ങൾ
4	INDUSIND BANK Ltd	രണ്ടാം അർദ്ധവർഷം

കൂടാതെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം
1.	ഫെഡറൽ ബാങ്ക് പെരുവ	രണ്ടാം അർദ്ധവർഷം
2	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് പെരുവ	1,2 അർദ്ധവർഷങ്ങൾ
3	കടുത്തുരുത്തി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് പെരുവ	1,2 അർദ്ധവർഷങ്ങൾ
4	കടുത്തുരുത്തി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് മുളക്കുളം	രണ്ടാം അർദ്ധവർഷം
5	കടുത്തുരുത്തി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ആപ്പാഞ്ചിറ	1,2 അർദ്ധവർഷങ്ങൾ
6	മുളക്കുളം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	1,2 അർദ്ധവർഷങ്ങൾ
7	എസ്.ബി.ഐ അറുന്നൂറ്റിമംഗലം	1,2 അർദ്ധവർഷങ്ങൾ
8	BANK OF INDIA	രണ്ടാം അർദ്ധവർഷം
9	മുത്തൂറ്റ് മൈക്രോ ഫിൻ Ltd	1, 2അർദ്ധവർഷങ്ങൾ
10	ട്രേഡേഴ്സ് കോ-ഓപ്പറേറ്റീ വ്സൊസൈറ്റി പെരുവ	1, 2അർദ്ധവർഷങ്ങൾ
11	INDUSIND BANK Ltd	1, 2അർദ്ധവർഷങ്ങൾ
12	Reliance RRL	1, 2അർദ്ധവർഷങ്ങൾ
13	കീഴൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	1, 2അർദ്ധവർഷങ്ങൾ
14	KSBC പെരുവ	1, 2അർദ്ധവർഷങ്ങൾ

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/30.11.2024) മറുപടി ലഭ്യമാക്കിയില്ല. പരാമർശിത സ്ഥാപനങ്ങളുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1- 24 വാടക ഈടാക്കിയതിൽ അവ്യക്തത

2023-24 വർഷത്തെ വാടക ഡിമാൻറ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട മുറികൾ വാടകയ്ക്ക് എടുത്തവരിൽ കുടിശ്ശിക വരുത്തിയ താഴെ പേര്

ചേർത്തിരിക്കുന്നവരിൽ നിന്നും കുടിശ്ശികയോടൊപ്പം നിയമാനുസൃത പിഴപ്പലിശയും ജി എസ് റ്റിയും ഈടാക്കിയതിൻറെ വിശദാംശങ്ങൾ വ്യക്തമല്ല.

ക്രമ നം.	പേര്	റൂം നമ്പർ
1	ജോർജ്ജ് പി.പി	V/550
2	ബാബു പി.എം	VII/505
3	എം.എസ് മുഹമ്മദ്	VII/497
4	പി കർണ്ണരാജൻ	VII/499

ആയതിനാൽ കുടിശ്ശിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുന്നതോടൊപ്പം നിയമാനുസൃതം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ വാടക കരാറും പരിശോധനക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(37/30.11.2024) മറുപടി ലഭ്യമാക്കിയില്ല. അന്വേഷണക്കുറിപ്പിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം വാടക ഡിമാൻറ് രജിസ്റ്ററിൽ അടിസ്ഥാന വിവരങ്ങളായ മാസവാടക, ജി.എസ്.റ്റി, ഇലക്ട്രിസിറ്റി/വാട്ടർ ചാർജ്, പിഴതുക ഈടാക്കേണ്ടതാണെങ്കിൽ ആയതിന്റെ വിവരം എന്നിവ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-25 റിഡംപ്ഷൻ തുക – തുക തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

2022-23 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂൾ പ്രകാരം 5753120 രൂപ റിഡംപ്ഷൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ വാർഷികകണക്കുകളിലെ RP 45 ഷെഡ്യൂൾ പ്രകാരം ആയതിൽ 5612073 രൂപ മാത്രമേ തൻവർഷം തിരികെ ലഭ്യമായിട്ടുള്ളു. ബാക്കി തിരികെ ലഭ്യമാകുവാനുള്ള 141047 രൂപ ഏത് അക്കൗണ്ടിൽ നിലനിന്നിരുന്ന തുകയാണെന്നും തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ എന്നിവയും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/26.11.24) തൻ വർഷം തിരികെ ലഭ്യമായത് ട്രഷറി എൽ.ജി.ടി.എസ്.ബി അക്കൗണ്ടിൽ നിന്നുള്ള റിഡംപ്ഷൻ തുകയായ 5612073 രൂപ മാത്രമാണെന്നും ട്രഷറിയിലെ പഴയ ടി.എസ്.ബി.യിലെ പിസി ക്ലിയറൻസ് തുകയും അസിസ്റ്റന്റ് എഞ്ചിനിയറുടെ വർക്ക് ബില്ലുകളിൽ നിന്നുള്ള ഡിഡക്ഷൻ തുകകളും ഉൾപ്പെടെ 31.03.2023 തീയതിയിൽ നിലവിലുണ്ടായിരുന്ന 88007 രൂപയും ജോയിന്റ് വെൻജ്വർ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 53040 രൂപയും തിരികെ ലഭ്യമായിട്ടില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. 2020-21, 2021-22 പദ്ധതികളിലെ ബില്ലുകൾ പ്രകാരം കൺവീനർമാരുടെ അക്കൗണ്ടിലേക്ക് ലഭിക്കേണ്ടിയിരുന്ന തുകയും വിവിധ പദ്ധതികളിൽ നിന്നുള്ള റീടെൻഷൻ,ഫൈൻ എന്നീ ഇനങ്ങളിൽ പഞ്ചായത്തിന്റെ എൽ.ജി.ടി.എസ്.ബി അക്കൗണ്ടിലേക്ക് ലഭിക്കേണ്ടിയിരുന്ന തുകയും സഹിതം 88007 രൂ ക്ലറിക്കൽ പിഴവ് മൂലം 06.05.2020 ൽ ക്ലോസ് ചെയ്ത 7090514000004 നമ്പർ എസ് ടിഎസ്ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരുന്നുവെന്നും പ്രസ്തുത തുക 2022-23 വർഷം സർക്കാരിലേക്ക് തിരികെ എടുത്തതാണെന്നും ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട 88007 രൂപ തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-26 വീട് പുനരുദ്ധാരണം എസ്.സി -പണികൾ പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം നടപ്പാക്കിയ വീട് പുനരുദ്ധാരണം -എസ്.സി എന്ന പ്രോജക്ടിലുൾപ്പെടുത്തി (പ്രോജക്ട് നം.142/24) എസ്.സി.പി ഫണ്ടിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	വാർഡ്	കൈപ്പറ്റിയ തുക
1	വത്സല.എൻ.എ,കണിയാംകുന്നേൽ	VII	50000
2	വാസു.സി.കെ, വെള്ളാരം കാലായിൽ	XII	50000
3	ഗീത കൃഷ്ണൻകുട്ടി, ചമ്പന്നിയിൽ	XIII	50000
4	ജയശ്രീ,തട്ടാർകുന്ന്	XIV	25000
5	സരസമ്മ രാജു,കൊച്ചുപറമ്പിൽ	XV	50000

6	രാജു.സി.കെ,ചേലച്ചുവട്ടിൽ	XVIII	50000

മേൽ ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/30.11.24) മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണ പ്രവൃത്തികൾ നിരീക്ഷിക്കേണ്ടതും പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവസാന ഗഡു നൽകി വിവരം അറിയിക്കേണ്ടതുമാണ്.

1-27 അഗതിരഹിത കേരളം- കുടുംബശ്രീക്ക് കൈമാറിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല.

പ്രോജക്ട് നം.	71/24
അടങ്കൽ തുക	200000/- വികസന ഫണ്ട് (ജനറൽ)
ചെലവ്	200000/-
ഫണ്ടിനം	വികസനഫണ്ട് (ജനറൽ)
ബിൽ നം.	21/27.05.23
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

ആശ്രയ പദ്ധതിയിലുൾപ്പെട്ട 4 കുടുംബങ്ങൾക്ക് വീട് അറ്റകുറ്റപ്പണികൾക്ക് തുക നൽകുന്നതിനായി 200000/- രൂപ തൻ വർഷം മേൽ ബിൽ പ്രകാരം കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.3722998438). എന്നാൽ പ്രസ്തുത തുക നാളിതുവരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ലായെന്ന് കാണുന്നു. ഇപ്രകാരം മുൻകൂറായി കൈമാറിയ തുക നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/29.11.24) 2023-24 വർഷം അക്കൗണ്ടിൽ 472747/- രൂപ മുന്നിരിപ്പ് ഉണ്ടായിരുന്നുവെന്നും 2023-24 വർഷം വീട് അറ്റകുറ്റപ്പണികൾക്കായി 150000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 2024-25 ൽ 4 പേർക്ക് വീട് മെയിന്റനൻസിന് തുക നൽകുന്നതിന് നടപടി സ്വീകരിച്ച് വരുകയാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. പാസ്സ് ബുക്ക് പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 30.08.2024 ൽ 217221/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള പ്ലാൻ ഫണ്ട് തുക അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. തുക പൂർണ്ണമായും ചെലവഴിക്കുന്നത് വരെ തൻ വർഷം കുടുംബശ്രീക്ക് കൈമാറിയ 200000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 വഴിയോരവിശ്രമകേന്ദ്രങ്ങൾ-ടേക്ക് എ ബ്രേക്ക് - ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല

സർക്കാരിന്റെ പന്ത്രണ്ടിനപരിപാടിയിൽപ്പെടുത്തി പഞ്ചായത്തിലെ വാർഡ് 9-ൽ അറുന്നൂറ്റിമംഗലത്ത് കുന്നപ്പള്ളി ജംഗ്ഷനിലും വാർഡ്-14-ൽ കീഴൂർ കോയിക്കവളവിലും വഴിയോരവിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി മുൻവർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നു. ആയതിന്റെ തുടർച്ചയായി ഓഡിറ്റ് വർഷം പ്രസ്തുത നിർമ്മിതികളുടെ പൂർത്തീകരണത്തിനും ഇവയോട് ചേർന്ന് വനിതകൾക്ക് കിയോസ്ക്കുകൾ നിർമ്മിക്കുന്നതിനുമായി ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	പ്രോജക്ട്	കരാറുകാരൻ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ബിൽനമ്പർ
1)	221/24 അറുന്നൂറ്റിമംഗലത്ത് ടേക്ക് എ ബ്രേക്ക് പൂർത്തീകരണം	ഫിലിപ്പ് എസ്	34249	34249	386/17-2-24
2)	230/24 അറുന്നൂറ്റിമംഗലത്ത് ടേക്ക് എ ബ്രേക്കിനോട് ചേർന്ന് കിയോസ്ക് നിർമ്മാണം	കെ.കെ.ശശിധരൻ നായർ	200000 (വികസനഫണ്ട്-ജനറൽ) 100000/- തനതുഫണ്ട് 300000	116798 100000 216798/-	255/1-1-24 254/30-12-23
3)	237/24 കീഴൂർ ടേക്ക് എ ബ്രേക്ക് പൂർത്തീകരണം	കെ.റ്റി രവീന്ദ്രൻ നായർ	101331 (സിഎഫ് സി -ടൈഡ് ഫണ്ട്)	101331	325/ 2-2-24

4)	289/24 കുന്നപ്പള്ളി കോയിക്കവളവിൽ ടേക്ക് എ ബ്രേക്കിനോട് അനുബന്ധിച്ച് ലഘു ഭക്ഷണശാല ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ	കെ.കെ.ശശിധരൻ നായർ	200000 (തനതുഫണ്ട്) 500000 (ബ്ലോക്ക് വിഹിതം) 700000	200000 244543 204153 648696	253/28-12-23 396/22-2-24- 397/22-2-24
			ആകെ	1001074/-	

നിലവിലെ വഴിയോര വിശ്രമ കേന്ദ്രങ്ങളോട് ചേർന്ന് വനിതാ കിയോസ്ക്കുകൾ സ്ഥാപിച്ചാൽ ഇവ കൂടുതൽ വൃത്തിയായി സംരക്ഷിക്കപ്പെടുന്നതിനും ഇതുപയോഗിക്കുന്ന പൊതുജനങ്ങൾക്ക് ഇവിടെ ശുചിത്വാന്തരീക്ഷം ഉറപ്പുവരുത്തുന്നതിനുമായിട്ടാണ് മേൽപ്രോജക്ടുകൾ നടപ്പാക്കുന്നതെന്ന് പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. നാളിതുവരെ 25 ലക്ഷത്തിലധികം രൂപ ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികൾ നിലവിലും നിഷ്ക്രിയ ആസ്തികളായി നിലകൊള്ളുകയാണ്. 9-ാം വാർഡിൽ, അറുന്നൂറ്റിമംഗലത്ത് പെരുവ അറുന്നൂറ്റിമംഗലം റോഡിൽ കുന്നപ്പള്ളി ഭാഗത്ത് പണികഴിപ്പിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് ആരുംതന്നെ ഉപയോഗിക്കുന്നില്ലാത്ത നിലയിൽ പൂട്ടികിടക്കുകയാണ്. പുതിയതായി വനിതാകിയോസ്ക്ക് നിർമ്മിക്കുകയും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും കിയോസ്ക്കും പ്രവർത്തിക്കുന്നില്ലെയെന്ന് ഭൗതീകപരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി.

14-ാം വാർഡിൽ കീഴൂർ കോയിക്കവളവിൽ നിലവിലുണ്ടായിരുന്ന ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങളോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും

സംയുക്തമായി കെട്ടിടവും വനിതാകിയോസ്ക്കും നിർമ്മിച്ചിട്ടുള്ളതാണ്. വനിതാകിയോസ്ക്ക് ചെറിയ തോതിൽ നടത്തിപ്പോരുന്നുണ്ടെങ്കിലും വരുമാന ലഭ്യത വളരെ കുറവാണെന്ന് ജീവനക്കാരി അറിയിച്ചു. മെയിന്റോഡാണെങ്കിലും ഒട്ടുംതന്നെ തിരക്കില്ലാത്ത ടി സ്ഥലത്ത് വാണിജ്യസ്ഥാപനങ്ങളോ കച്ചവടസ്ഥാപനങ്ങളോ, സർക്കാർവക ഓഫീസുകളോ ഒന്നും ഇല്ലാത്തതാണ്. കൂടാതെ താരതമ്യേന വിജനമായ സ്ഥലങ്ങളായതിനാൽ വനിതകൾക്ക് സുരക്ഷിതത്വം കുറവായ സാഹചര്യവും നിലനിൽക്കുന്നുണ്ട്.

പി.ഡബ്ലിയു.ഡി വക സ്ഥലത്ത് നടത്തിയിട്ടുള്ള പ്രസ്തുത അധിക നിർമ്മിതികൾക്ക് പി.ഡബ്ലിയു .ഡി-യിൽനിന്നും അനുമതിവാങ്ങിയിട്ടുള്ളതായോ പി.ഡബ്ലിയു.ഡിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായോ ഫയലിൽ രേഖകളില്ല. മാത്രമല്ല അറുന്നൂറ്റിമംഗലം കുന്നപ്പള്ളിഭാഗത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരവെ 10/11/2023 തിയതിയിലെ റ്റി 06/09 നമ്പർ കത്ത് പ്രകാരം പ്രസ്തുത നിർമ്മാണം നിർത്തിവെയ്ക്കണമെന്ന് പൊതുമരാമത്ത് അസി. എഞ്ചിനീയർ നിരത്ത് വിഭാഗം ആവശ്യപ്പെട്ടിരിക്കുന്നതായും നിർമ്മാണം നിർത്തിവെയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ കത്ത് 28-11-24-ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തിരുന്നതായും മിനിറ്റ്സ് രേഖകളിൽനിന്നും വ്യക്തമാകുന്നു . കേരളത്തിന്റെ സമഗ്ര വികസന ലക്ഷ്യങ്ങളിലുൾപ്പെടുത്തി മുഖ്യമന്ത്രിയുടെ 12 ഇന കർമ്മ പരിപാടിയുടെ ഭാഗമായി ഉന്നത നിലവാരമുള്ള പൊതു ശുചിമുറി സമുച്ചയങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത് നടപ്പാക്കിവരുന്ന പദ്ധതിയാണ് ടേക്ക് എ ബ്രേക്ക് എന്ന് യോഗം വിലയിരുത്തുകയും, ആയതിനാൽ പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾക്കുള്ള അനുമതിക്കായി അസി എഞ്ചിനീയർ, പൊതുമരാമത്ത് നിരത്ത് വിഭാഗം തലയോലപ്പറമ്പിനോട് അഭ്യർത്ഥിച്ചു തീരുമാനിച്ചിരുന്നതായും കാണുന്നു. എന്നാൽ ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായി രേഖകളില്ല. പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ (20-21, 21-22) 'ടേക്ക് എ ബ്രേക്ക്" നിർമ്മിക്കുന്നതിന് അനുമതി നൽകി പി.ഡബ്ലിയു.ഡി - നൽകിയ നിരാക്ഷേപ സാക്ഷ്യപത്രത്തിൽ നിർമ്മാണം തുടങ്ങുന്നതിനുമുൻപ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് ഉപവിഭാഗം, വൈക്കവുമായി കരാറുടമ്പടിയിൽ ഏർപ്പെടണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ കരാർവയ്ക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ

നടത്തുകയാണുണ്ടായത്. പ്രസ്തുത വിവരം 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നതാണ്. നിലവിൽ അധിക നിർമ്മിതികൾ കൂടി നടത്തിയിട്ടുള്ള സാഹചര്യത്തിൽ ഇതിനോടകം മേൽപ്പറഞ്ഞ പ്രകാരം കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അധികനിർമ്മിതികൾക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാനും കൂടാതെ പൊതുജനങ്ങൾക്കായി സർക്കാർ നിർദ്ദേശാനുസരണം നിർമ്മിക്കപ്പെട്ട വഴിയോര വിശ്രമകേന്ദ്രങ്ങൾ ഉപയോഗമില്ലാതെ പൂട്ടിക്കിടക്കുന്ന സാഹചര്യം സംബന്ധിച്ചു രേഖാമൂലം വിശദീകരണം ലഭ്യമാക്കാനുമാവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ-26/29-11-24) ലഭ്യമാക്കിയ മറുപടിയിൽ വാർഡ്-9ൽ അറുന്നൂറ്റിമംഗലത്തെ ടോയ് ലറ്റ് കോംപ്ലക്സും വനിതാകിയോസ്ക്കും കുടുംബശ്രീയുടെസഹായത്തോടെ മുൻപ് പ്രവർത്തിച്ചിരുന്നതാണെന്നും തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്നും വിശദീകരണം നൽകി. കൂടാതെ കീഴൂർ കോയിക്കവളവിലെ ടോയ്ലറ്റ് കോംപ്ലക്സ് ഉത്ഘാടനം നടത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നതാണെന്നും ഇവിടെ ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടുള്ള അധികനിർമ്മാണം ഉൾപ്പെടെ കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ പ്രവർത്തനക്ഷമമാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു.

രണ്ട് വഴിയോര വിശ്രമകേന്ദ്രങ്ങൾക്കുമായി ഏകദേശം 20 ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തിയായി നിലനിർത്താതെ പൊതുജനങ്ങൾക്ക് ഉപയോഗപ്പെടത്തക്കതരത്തിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള തുടർനടപടികളുണ്ടാകേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1- 29 ഇടച്ചാൽകുളം നവീകരണം - ഭാഗികമായി നടപ്പാക്കിയതിനാൽ പ്രോജക്ട്പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ട് നം./ പേര്	236/24 ഇടച്ചാൽ കുളം നവീകരണം
അടങ്കൽ തുക	866827/- (സി.എഫ്. സി-ടൈഡ്ഫണ്ട്)
ചെലവ് തുക	809115/-
ബിൽനമ്പർ	99/17-8-23

പഞ്ചായത്തിലെ 3-ാം വാർഡിൽ ഇടച്ചാൽ കുളത്തിന് പാർശ്വഭിത്തികെട്ടി കുളം ജലസേചനത്തിനായി സജ്ജമാക്കുന്നതിനായി 2021-22 വാർഷിക പദ്ധതിയിലാണ് പ്രസ്തുത പ്രോജക്ട് ആവിഷ്ക്കരിച്ചത്. കുളത്തിന്റെ രണ്ട് വശങ്ങളിൽ കരഭൂമിയും മറ്റ് രണ്ട് വശങ്ങളിൽ ചതുപ്പുമായി 4 വശങ്ങളും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമാണ്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പാടനിരപ്പിൽനിന്നും രണ്ടര മീറ്റർ താഴ്ച കുളത്തിനുണ്ട്. രണ്ട് വശങ്ങൾ 3.5 മീറ്റർ ഉയരത്തിൽ കരഭൂമിയുമാണ്. ഫണ്ട് പരിമിതി ഉള്ളതിനാൽ വശങ്ങളിൽ 1.3മീറ്റർ ഉയരത്തിൽ മാത്രം പാർശ്വഭിത്തി നിർമ്മിച്ച് ഘട്ടംഘട്ടമായുള്ള നവീകരണം ലക്ഷ്യമാക്കിയിരുന്നുവെങ്കിലും ഇപ്രകാരം ഭാഗിക നിർമ്മാണം നടത്തിയാൽ ഉയർന്ന മൺതിട്ടകൾ ബലക്ഷയം സംഭവിച്ച് ഇടിഞ്ഞുപോകാൻ സാധ്യത ഉള്ളതിനാൽ നിർമ്മാണം നടത്തുന്ന വശങ്ങൾ ആവശ്യമായ ഉയരത്തിൽ കരിങ്കൽഭിത്തികെട്ടിപൂർത്തീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ചിരുന്നു. കുളത്തിന്റെ വശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടുന്നതിനും കൂടാതെ കുളത്തിലെ മലിനജലം പമ്പിംഗ് നടത്തി കുളം ശുദ്ധീകരിക്കുന്നതിനുള്ള പ്രവൃത്തി ഉൾപ്പെടെയുള്ള തുകയാണ് പ്രോജക്ട്പ്രകാരം ചെലവഴിച്ചിട്ടുള്ളത്.

ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കുളത്തിന്റെ കരഭൂമിയുള്ള ഒരുവശത്ത് ജലനിരപ്പിൽ നിന്നും ഏകദേശം 1.5മീറ്റർ ഉയരത്തിലും 16മീറ്റർ നീളത്തിലും കരിങ്കൽ ഭിത്തി കെട്ടിയിട്ടുള്ളതായും (Superstructure) പാടം അതിർത്തിപങ്കിടുന്ന വശങ്ങളിൽ ഒന്നിൽ ഏകദേശം 30 മീറ്റർ നീളത്തിലും ഡിആർ മേസണറി ചെയ്തിട്ടുള്ളതായി കണ്ടു. പാടവശത്തുള്ള കെട്ട് നിലവിൽ ജലനിരപ്പിന് താഴെയാണ് നിൽക്കുന്നത് . ആയതിനാൽ നവീകരിച്ച കുളം രണ്ടുവശങ്ങളിലുമുള്ള ചതുപ്പിൽനിന്നും നിന്നും വേർതിരിച്ച് നിൽക്കാതെ ചതുപ്പുമായി ചേർന്ന് പരന്ന് കിടക്കുന്നതായിട്ടാണ് കാണുന്നത്. മറ്റ് രണ്ട് വശങ്ങൾ പ്രവൃത്തി നടപ്പാക്കിയിട്ടില്ലാത്തതുമാണ് (കരവശവും പാടവശവും). അതിർത്തി നിർണ്ണയിച്ച് അവശേഷിക്കുന്ന മറ്റ് രണ്ട് വശങ്ങൾ ആവശ്യമായ ഉയരത്തിൽ ഭിത്തികെട്ടി സംരക്ഷിച്ചിട്ടില്ല. 2024-25 വാർഷികപദ്ധതിയിൽ ഇതിനായി പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുമില്ല. ഇപ്രകാരം ഭാഗികമായി മാത്രം നടപ്പാക്കുന്നതിനായി പ്രോജക്ട് ആവിഷ്ക്കരിച്ചതിന്റെ കാരണവും വ്യക്തമല്ല.

കുളം നവീകരണം കൊണ്ട് ആസ്തിസംരക്ഷണത്തോടൊപ്പം ഉദ്ദേശിച്ച പ്രയോജനം ലഭിക്കണമെങ്കിൽ അവശേഷിക്കുന്ന വശങ്ങൾ കൂടി സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതായിട്ടുണ്ട്. പ്രവൃത്തി ഭാഗികമായി മാത്രം നടത്തിയിട്ടുള്ളതിനാൽ ഡി ആർ കെട്ടിയിട്ടില്ലാത്ത ഉയർന്ന

കരഭാഗത്തുനിന്ന് വർഷകാലത്ത് കുളത്തിലേക്ക് മണ്ണിടിച്ചിലുണ്ടാകാനുള്ള സാധ്യതയുമുണ്ട്. ആയതിനാൽ നിലവിൽ നടപ്പാക്കിയ പ്രവൃത്തികൊണ്ട് പ്രോജക്ട് ലക്ഷ്യം കൈവരിക്കാനാകാത്ത സാഹചര്യമാണുള്ളത് .

മേൽസാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നമ്പർ- 29/30-11-24) മറുപടി ലഭ്യമായിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ച് തുടർന്നുവരുന്ന വാർഷികപദ്ധതികളിൽ കുളം നവീകരിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ തരത്തിൽ പ്രോജക്ട് ആവിഷ്ക്കരിക്കുന്നതാണെന്ന് പ്രസിഡന്റ് അറിയിച്ചു. ആവശ്യാധിഷ്ഠിതമായി പ്രോജക്ട് രൂപീകരിക്കുന്നതിനും രൂപീകരിക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ എല്ലാ പ്രവൃത്തി ഇനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുമാണ്. ആയതു വരേയ്ക്കും പ്രോജക്ട് പ്രകാരം നടത്തിയ 809115/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് പദ്ധതി യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 പൊതുശ്മശാനം - ആധുനികവൽക്കരണം - അസിസ്റ്റന്റ് എൻജിനീയറുടെപരിശോധനാറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിൽവരുത്തിയിട്ടില്ല.

പ്രോജക്ട്	അടങ്കൽ തുക	ചെലവ് തുക	ബിൽനമ്പർ	റിമാർക്ക്
192/24- ആകെ	4000000 (ജില്ലാപഞ്ചായത്ത് വിഹിതം) 247766 (ബ്ലോക്ക് വിഹിതം) 10000 (തനതു ഫണ്ട്) 42,57,766	31,91000 - - 31,91000		ജില്ലാപഞ്ചായത്ത് വിഹിതം ഓൺലൈനായി നേരിട്ട് കരാർ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെടുകയായിരുന്നു. ബിൽ നമ്പർ ലഭ്യമായില്ല
196/24	13,63,362 (സിഎഫ് സി -ടൈഡ് ഫണ്ട്)	273528/-	626/27-3-24	
ആകെ ചെലവ്		34,64,528/-		

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനം ആധുനികവൽക്കരിക്കുന്നതിനായി 2021-22 വർഷം അംഗീകാരം കിട്ടിയ പ്രോജക്ട് ഓഡിറ്റ് വർഷത്തിലും സ്പിൽ ഓവറായി തുടരുന്നു. 2021-22ൽ മുൻകൂറായി നൽകിയ 6,55,083/- രൂപയും 2022-23 വർഷം രണ്ട് പ്രോജക്ടുകൾ പ്രകാരമുള്ള 34,88,872/- രൂപയും ഉൾപ്പെടെ ആകെ 41,43,955/- രൂപ പ്രോജക്ടിനായി ചെലവഴിച്ചിരുന്നു. ഓഡിറ്റ് വർഷം മേൽപ്രോജക്ടുകൾ പ്രകാരം സിവിൽ വർക്കുകൾക്കും ഫർണസ് സ്ഥാപിക്കുന്നതിനുമായി ആകെ 34,64,528/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ക്രിമറ്റോറിയം നിർമ്മാണത്തിലെ സിവിൽ വർക്കുകൾ നോൺ പി.എം.സി യായി കോസ്റ്റ് ഫോർഡ് നേരിട്ടും ഗ്യാസ് ഫർണസും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ പി.എം.സി ആയി ടെൻഡർ മുഖേനയുമാണ് നടപ്പിലാക്കിവരുന്നത്. സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളിൽ ഫ്ലോറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് 20-3-2023-ൽ കോസ്റ്റ് ഫോർഡ് സമർപ്പിച്ച ഒന്നാം പാർട്ട് ബിൽപ്രകാരമുള്ള 34,88,872/- രൂപയിൽ നിയമാനുസൃത റിക്കവറികൾ കിഴിച്ചുള്ള തുക കോസ്റ്റ്ഫോർഡിന് അനുവദിച്ചിരുന്നു.

23-24വർഷം ഫ്ലോറിംഗ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഒഴികെയുള്ള കെട്ടിടംപണിയും ഫർണസും പൂർത്തീകരിച്ച് 27-1-24-ൽ

രണ്ടാംപാർട്ട്ബിൽ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എൻജിനീയർ സ്ഥലപരിശോധന നടത്തുകയും നിർമ്മാണത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നതായും ഫയലിൽനിന്നും വ്യക്തമാകുന്നു.

*ഫർണസ് ചിമ്മിനിയുടെ ബേസ്പ്ലേറ്റ് ഫൗണ്ടേഷൻ ബ്ലോക്കിൽ നൽകിയിരിക്കുന്ന Anchor-കളിൽ ബോൾട്ട് ചെയ്ത് ഉറപ്പിച്ചിട്ടില്ല. പ്രസ്തുത നിർമ്മാണപിഴവ് പരിഹരിച്ചില്ലെങ്കിൽ ചിമ്മിനി ടവർ മറിഞ്ഞ് അപകടംസംഭവിക്കാൻ സാധ്യതയുണ്ട്.

*ചിമ്മിനിടവറിന്റെ ചുവട്ടിൽനിന്നും 3-ാമത്തെ ഭാഗം മുതൽ വെർട്ടിക്കൽ ലൈനിൽനിന്നും വ്യതിചലിക്കപ്പെട്ട് ടവർ നിർമ്മാണം നടത്തിയിരിക്കുന്നു.

*മിന്നൽരക്ഷാചാലകനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മേൽ അപാകതകൾ വളരെ അടിയന്തിര പ്രാധാന്യത്തോടെ ഏജൻസിയെക്കൊണ്ട് പരിഹരിപ്പിക്കേണ്ടതാണെന്നും കൂടാതെ ഫർണസിന്റെ മെക്കാനിക്കൽ ഭാഗങ്ങൾ ഈ മേഖലയിൽ പ്രാവീണ്യമുള്ള പി.ഡബ്ലിയു.ഡി/ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് ടവർ നിർമ്മാണങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണെന്നും ആയതിനുശേഷം മാത്രമേ രണ്ടാം പാർട്ട് ബിൽ തുക പൂർണ്ണമായും അനുവദിക്കുന്നതിന് പരിഗണിക്കാവൂ എന്നും റിപ്പോർട്ട് ചെയ്തിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർദ്ദേശിച്ചിരുന്ന ഫർണസിന്റെ വെൽഡിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി 16-2-2024- ൽ കോസ്റ്റ്ഫോർഡ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും സ്ഥലപരിശോധന നടത്തുകയും, ഫർണസ് ചിമ്മിനിയുടെ നിർമ്മാണത്തിൽ കണ്ട ക്രമനമ്പർ 1 അപാകത പരിഹരിച്ചിട്ടുള്ളതായും 5% സെക്യൂരിറ്റി തുക കിഴിച്ചുള്ള തുക അനുവദിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് കോസ്റ്റ് ഫോർഡ് സമർപ്പിച്ച രണ്ടാം പാർട്ട് ബിൽത്തുകയായ 3487106/- രൂപയിൽ 3191000/- രൂപ പ്രോജക്ടിനു വകയിരുത്തിയിരുന്ന ജില്ലാപഞ്ചായത്തു വിഹിതത്തിൽനിന്നും അനുവദിച്ചു. ബാക്കി തുക 296106/- രൂപ 196/24 നമ്പർ പ്രോജക്ടിൽ നിന്നും ചെലവഴിക്കുന്നതിനായി നിയമാനുസൃതറിക്കവറികളും 5% സെക്യൂരിറ്റി തുകയായ 147758/- രൂപയും കിഴിവുചെയ്ത് ബിൽ തയ്യാറാക്കി സമർപ്പിച്ചെങ്കിലും ഇ-ഗ്രാമസ്വരാജ് പോർട്ടലിൽ സി.എഫ് സി ടൈഡ്ഫണ്ട് 273528/- രൂപയേ ലഭ്യമായുള്ളു എന്നതിനാൽ പ്രസ്തുത കുറവ് ക്രമീകരിക്കുന്നതിനായി 5% സെക്യൂരിറ്റി നിക്ഷേപം കണക്കാക്കിയിരുന്നതിൽ നിന്നും 22578/- രൂപ (295519-273528) കുറവുചെയ്ത് ബിൽ തയ്യാറാക്കി തുക ചെലവഴിക്കുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ ചുവടെചേർക്കുന്ന അപാകതകൾ കാണുന്നു.

1)അസിസ്റ്റന്റ് എഞ്ചിനീയറുടെ ആദ്യപരിശോധനാറിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്ന ക്രമനമ്പർ 2, 3 അപാകതകൾ പരിഹരിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സ്ഥലപരിശോധനയിലും ബോധ്യപ്പെട്ടതുപ്രകാരം കോസ്റ്റ് ഫോർഡിന്റെ പ്രതിനിധിയോട് അന്വേഷിച്ചതിൽ വെൽഡിംഗ് ബലപ്പെട്ടതായതിനാൽ ചിമ്മിനിടവർ സുരക്ഷിതമാമെന്ന് കരാർസ്ഥാപനം പരിശോധന നടത്തി അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. എന്നാൽ പ്രസ്തുത വിവരം സ്ഥാപനം സാക്ഷ്യപ്പെടുത്തിനൽകിയിട്ടില്ലാത്തതാണ്.

2)ഫർണസിന്റെ മെക്കാനിക്കൽഭാഗങ്ങൾ ഈ മേഖലയിൽപ്രാവീണ്യമുള്ള പി.ഡബ്ല്യൂ.ഡി/ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് ടവർ നിർമ്മാണങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3) സി.എഫ്.സി ഫണ്ടിന്റെ കുറവ് ക്രമീകരിക്കുന്നതിന് സ്ഥാപനത്തിന്റെ ബിൽ തുകയിൽ കുറവുവരുത്തേണ്ടിയിരുന്ന 5% തുകയിൽ വീണ്ടും കുറവു വരുത്തി ബിൽ തയ്യാറാക്കുകയാണുണ്ടായത്. ആയതിനാൽ രണ്ടാംപാർട്ട് ബിൽപ്രകാരം സ്ഥാപനത്തിന് 22578/- രൂപ അധികം അനുവദിക്കുന്നതിനിടയായി. ഇക്കാരണത്താൽ 5% തുക കുറവ്ചെയ്ത് മാത്രമേ അനുവദിക്കാവൂ എന്ന അസിസ്റ്റന്റ് എൻജിനീയറുടെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല

4) സ്ഥലപരിശോധനയിൽ ശ്മശാനത്തിന്റെ ആധുനികവൽക്കരണത്തിനുള്ള പണികൾ പൂർത്തീകരിച്ചിട്ടില്ലായെന്ന് കണ്ടു. 2018-19 വർഷം ശ്മശാന നവീകരണത്തിനായി 10,98,296/- രൂപ ചെലവഴിച്ചിരുന്നതുൾപ്പെടെ ഓഡിറ്റ് വർഷം വരെ വിവിധ പ്രോജക്ടുകൾ പ്രകാരം 87 ലക്ഷത്തിലധികം രൂപ പ്രവൃത്തിയ്ക്കായി ചെലവഴിച്ചു കഴിഞ്ഞെങ്കിലും നാളിതുവരെ ശ്മശാനം പ്രവർത്തനക്ഷമമായിട്ടില്ലാത്തതാണ്.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (27/29-11-24) രേഖാമൂലമുള്ള മറുപടി ലഭ്യമായില്ല. എന്നാൽ സൈറ്റ് സന്ദർശിച്ച് നിർമ്മാണത്തിലെ അപാകതകൾ രേഖാമൂലം ഗ്രാമപഞ്ചായത്തിന്റെ അറിയിച്ചിരുന്നതാണെന്നു അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കി. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അപാകത പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും പ്രസിഡന്റും സെക്രട്ടറിയും വിശദീകരണം നൽകി. കൂടാതെ പ്രവർത്തനമാരംഭിക്കുന്നതിനുമുൻപ് ട്രയൽ റൺ നടത്തി ചിമ്മിനിടവറിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതാണെന്നും അറിയിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരമുള്ള അപാകതകൾ പൂർണ്ണമായും പരിഹരിച്ച് ആധുനിക ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടതും മറ്റ് അനുബന്ധ സൗകര്യങ്ങളൊരുക്കി ശ്മശാനം പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

1-31 ക്ലറിക്കൽ പിഴവ്- നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ തുക കരാറുകാർക്ക് ലഭിച്ചില്ല.-

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തിരുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ബിൽ തുകകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പാസ്സ് ആക്കി നൽകിയിരുന്നെങ്കിലും ക്ലറിക്കൽ പിഴവ് മൂലം ബന്ധപ്പെട്ട കൺവീനർമാരുടെ/ കരാറുകാരന്റ അക്കൗണ്ടിൽ ക്രഡിറ്റ് ആകാത്തതിനാൽ സർക്കാരിലേക്ക് തിരിച്ചെടുക്കപ്പെടുകയുണ്ടായി. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

പ്രോജക്ട് നം./പേര്	കരാറുകാരൻ/ കൺവീനർ	ബിൽതുക
253/2020-21 ആമിക്കാട്ടുപടി ഉള്ളാട്ടിൽ റോഡ്കോൺക്രീറ്റിംഗ്.	സി.പി ശശികുമാർ	44488/-
.113/2021-22 കാളാരിപ്പടി- ചളുവേലിൽ റോഡ് കോൺക്രീറ്റിംഗ്.	ബിജു.പി	34530/-
189/2022-23 താന്നിമറ്റം കൊടുവേലിക്കുഴി റോഡ്പാർശ്വഭിത്തി നിർമ്മാണം.	പോൾ.കെ.സി	333405/-
	ആകെ	412423/-

പ്രസ്തുത പ്രവൃത്തികളുടെ ബിൽ തുകകൾ തിരികെ കരാറുകാരന്/കൺവീനർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും സർക്കാരിലേക്ക് തിരിച്ചെടുക്കപ്പെട്ട തുകകൾ തിരികെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബഹു കേരള സർക്കരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിരുന്നതായും കാണുന്നു. സർക്കാരിൽനിന്നും ഫണ്ട് അനുവദിച്ച് ലഭിക്കുകയും ആയത് കരാറുകാർക്ക്/കൺവീനർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ടോയെന്ന വിവരത്തിനും, കൂടാതെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണോയെന്നും സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമായിട്ടില്ലായെങ്കിൽ ബിൽ തുകകൾ എപ്രകാരമാണ് കരാറുകാർക്ക് അനുവദിച്ചിട്ടുള്ളതെന്നുമുള്ള വിവരങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 22/28-11-24) പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിച്ചിരുന്നെങ്കിലും സർക്കാരിൽനിന്നും ഫണ്ട് അനുവദിച്ച് ലഭിച്ചിട്ടില്ലായെന്നും നിലവിൽ കരാറുകാർക്ക് തുക അനുവദിച്ച് നൽകിയിട്ടില്ലായെന്നും എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

സർക്കാരിലേക്ക് ഫണ്ട് തിരികെ എടുക്കപ്പെടുകയും എന്നാൽ പ്രവൃത്തി നടപ്പാക്കിയ കരാറുകാർക്ക് ചെയ്ത പ്രവൃത്തിയുടെ തുക അനുവദിച്ച് നൽകിയിട്ടില്ലാത്തതുമായ പ്രത്യേക സാഹചര്യമാണ് നിലവിലുള്ളത്. സർക്കാരിൽ നിന്നും നഷ്ടമായ ഫണ്ട് പുനരനുവദിച്ച് ലഭിക്കുന്നില്ലാത്ത സാഹചര്യത്തിൽ കരാറുകാർക്ക് തുക അനുവദിക്കുന്നതിലേക്കായി പുതിയ പ്രോജക്ട് ആവിഷ്ക്കരിക്കുന്ന വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി കമ്മിറ്റിയുടെ പ്രത്യേകാനുമതി തേടേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-32 ഡിജിറ്റൽ ലൈബ്രറി- ലൈബ്രറി യാഥാർത്ഥ്യമായിട്ടില്ല

പ്രോജക്ട് നം.	276/24
അടങ്കൽ തുക	16096/- (മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്) 489966/- (തനതുഫണ്ട്) 506062
ചെലവ് തുക	326626/- (തനതുഫണ്ട്)
ബിൽനമ്പർ	136/9-10-2023

കരാറുകാരൻ	കെകെ ശശിധരൻനായർ
നിർവ്വഹണോദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ

പഞ്ചായത്ത് ലൈബ്രറിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പെരുവ-പിറവം റോഡിൽ പെരുവ ജംഗ്ഷനിലുള്ള 3 നില ഷോപ്പിംഗ് കോംപ്ലക്സിന്റെ 2,3 നിലകളിലായി പ്രവർത്തിക്കുന്ന ലൈബ്രറിയുടെ അറ്റകുറ്റപ്പണികൾക്കായിട്ടാണ് മേൽപ്പറഞ്ഞപ്രകാരം തുക വകയിരുത്തി 2022-23 വാർഷികപദ്ധതിയിൽ പ്രോജക്ട് ആവിഷ്ക്കരിച്ചത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സ്മാർട്ട് ലൈബ്രറിക്കാവശ്യമായ ഫർണീച്ചർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കി ലൈബ്രറി നവീകരിക്കുന്നതായിട്ടാണ് വ്യക്തമാക്കിയിരുന്നത്. ഓഡിറ്റ് വർഷം സ്പിൽ ഓവറായി പ്രോജക്ടിന് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ 2,3 നിലകളിൽ പെയിന്റിംഗ്, ഇളകിയ കതകുകളുടെ മെയിന്റനൻസ്, ഇളകിയ ടൈലുകൾ മാറ്റി സ്ഥാപിക്കൽ മുതലായ അറ്റകുറ്റപ്പണികൾ നടത്തുകയും, ക്ലീനിംഗ് നടത്തുകയും ചെയ്ത ഇനങ്ങളിലായി ആകെ 2,76,801.96/- രൂപ വേലമൂല്യം നിർണ്ണയിക്കുകയും 9.6% ടെൻഡർ എക്സസും 18% ജി.എസ്. റ്റിയും ഉൾപ്പെടെ 3,26,626/- രൂപ ആകെ ചെലവ് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിൽ പൊടിയും അഴുക്കും അടിഞ്ഞുകൂടിയ നിലയിലാണ് കണ്ടത്. ഡിജിറ്റൽ ലൈബ്രറിക്കാവശ്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളൊന്നും ഇവിടെ സജ്ജമാക്കിയിട്ടില്ല. നിലവിലുണ്ടായിരുന്ന പഴയ പുസ്തകങ്ങളല്ലാതെ പുതിയ പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളതായും കാണുന്നില്ല. ഇരുന്ന് പുസ്തകങ്ങൾ വായിക്കുന്നതിന് കസേരകളോ ഡസ്ക്ക്/മേശകളോ ഒന്നും തന്നെ ലൈബ്രറിയിൽ ഇല്ലാത്തതാണ്. ലൈബ്രറിയിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 100000/- രൂപ പ്രോജക്ടിൽ വകയിരുത്തിയിരുന്നെങ്കിലും ഓഡിറ്റ് തീയതിവരേയും നടപ്പാക്കിയിട്ടില്ല.

ക്ലീനിംഗ് ഉൾപ്പെടെ നടത്തി ആകെ 3.25 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് ഡിജിറ്റൽ ലൈബ്രറിക്കായി അറ്റകുറ്റപ്പണി നടത്തിയെടുത്ത കെട്ടിടത്തിൽ പൊടിപിടിച്ച് വൃത്തിഹീനമായ സാഹചര്യത്തിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളോ ഡിജിറ്റലൈസേഷനുള്ള സംവിധാനങ്ങളോ ഇല്ലാതെ ലൈബ്രറി കെട്ടിടം നിലനിൽക്കുന്ന സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നമ്പർ-41/2-12-24) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള പ്രോജക്ടിൽ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നടപ്പുവർഷം തന്നെ നടപ്പിലാക്കുന്നതാണെന്നും അറിയിച്ചു.

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ഫർണീച്ചറുകൾ വാങ്ങി സ്ഥാപിച്ച് ഡിജിറ്റൽ ലൈബ്രറി എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്. കൂടാതെ നിലവിലുണ്ടായിരുന്ന പുസ്തകങ്ങളുടെ സ്റ്റോക്കെടുപ്പ് പൂർത്തീകരിച്ച് പുതിയ പുസ്തകങ്ങളും പത്രവും മറ്റ് ആനുകാലികങ്ങളും വാങ്ങേണ്ടതും മൊത്തം പുസ്തകങ്ങളുടേയും സ്റ്റോക്ക് വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യേണ്ടതുമാണ്. പഞ്ചായത്ത് ലൈബ്രറിക്ക് പൊതുജനങ്ങളുടെ ശ്രദ്ധയിൽ വരത്തക്കവിധം ബോർഡ് സ്ഥാപിക്കുന്നതിനും ലൈബ്രറി വികസനത്തിനായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തന മാർഗ്ഗരേഖയനുസരിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ലൈബ്രറി കൗൺസിലിൽ നിന്നും ഗ്രാന്റ് ലഭ്യമാകുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതുമാണ്.

1-33 ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചില്ല,റ്റിഡിഎസ് കിഴിവുചെയ്തില്ല

2023-24 വർഷികപദ്ധതിയിൽ തോടുകൾ ആഴം കൂട്ടി നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ എസ്റ്റിമേറ്റിൽ ജി.എസ്. റ്റി കോമ്പൻസേഷനുള്ള തുക വകയിരുത്തുകയും പ്രവൃത്തികളുടെ ബിൽതുകകളിൽനിന്നും ജി.എസ്. റ്റി റ്റി .ഡി.എസ് നടത്തിയിട്ടില്ലാത്തതായും കാണുന്നു. പ്രവൃത്തികളുടെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

1)

പ്രോജക്ട് നം./ പേര്	225/24 ഇടയാറ്റുപാടശേഖരത്തിലെ കൈത്തോടുകളുടെ നീരൊഴുക്ക് സുഗമമാക്കൽ	റിമാർക്സ്
എസ്റ്റിമേറ്റ് തുക	400000/- (സി.എഫ്.സി അവാർഡു തുക)	
ആകെ പ്രവൃത്തിമൂല്യം	4,29,341 (10%ടെൻഡർ എക്സസ് ഉൾപ്പെടെ)	
ആകെ ചെലവ്	4,29,341	

ബിൽനമ്പർ	400000 (57/05.07.24) 29341 (434/06.03.24) 4,29,341	പ്രോജക്ട് നം. 254/24 പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ടെണ്ടർ എക്സസ് ഇനത്തിൽ 29341/- രൂപ അനുവദിച്ചു
കരാറുകാരൻ	എം.എൻ രാജു	

2

പ്രോജക്ട്	238/24	റിമാർക്സ്
എസ്റ്റിമേറ്റ് തുക	300000/-	
ആകെ പ്രവൃത്തിമൂല്യം	326607 (9.1 %ടെൻഡർ എക്സസ് ഉൾപ്പെടെ)	
ആകെചെലവ്	3,26,607/-	
ബിൽനമ്പർ	65/13-7-23 (300000/-) (26,607/-)	പ്രോജക്ട് നം. 254/24 പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ടെണ്ടർ എക്സസ് ഇനത്തിൽ 26607/- രൂപ അനുവദിച്ചു
കരാറുകാരൻ	കെ.കെ.ശശിധരൻനായർ	

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 1-11-2017ലെ സ.ഉ(അച്ചടി) നം. 87/ 2017 അനുസരിച്ച് 1-7-2017നുശേഷം നടപ്പാക്കിയ എല്ലാപ്രവൃത്തികൾക്കും ജി.എസ്.റ്റി ബാധകമായിരിക്കുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ബില്ലിൽനിന്നും 2% ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. മേൽപ്രവൃത്തികൾക്ക് ജി. എസ്.റ്റി കോമ്പൻസേഷനുള്ള പ്രൊവിഷൻ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും ജി.എസ്. റ്റി 1% വീതം കിഴിവുചെയ്യാതെ ബിൽ തയ്യാറാക്കിയതും 2017-ലെ കേരളസംസ്ഥാന ചരക്കുസേവനനികുതിനിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയാണ്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറിനമ്പർ-22/28-11-23) രേഖാമൂലമുള്ള വിശദീകരണം ലഭിച്ചില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മരാമത്തുവേലകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

1-34 എസ്.എസ്.കെ വിഹിതം നൽകൽ- അനുബന്ധ രേഖകൾ, വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല

എസ്.എസ്.കെ വിഹിതം നൽകൽ എന്ന പ്രോജക്ടിന് വേണ്ടി (നം.183/24) ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി തൻ വർഷം 1200000/- രൂപ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 40/26.06.23 നമ്പർ ബിൽ പ്രകാരം ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. തുക ഒടുക്കുന്നത് സംബന്ധിച്ച് എസ്.എസ്.കെ യിൽ നിന്നും തുക ഡിമാന്റ് ചെയ്തുകൊണ്ടുള്ള കത്ത്, പ്രസ്തുത തുക ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ ബിൽ കോപ്പി, തുകയുടെ വിനിയോഗ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (04/26.11.24) മറുപടിയും ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 1200000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുകയുടെ ചെലവ് വിശദാംശങ്ങളും വിനിയോഗ വിവരങ്ങളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-35 ജി.എസ്.റ്റി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്തില്ല

2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST, SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ ആകെ മൂല്യം 2.5 ലക്ഷത്തിന് മുകളിൽ ആയിരുന്നിട്ടും ബിൽ തുകയിൽ നിന്നും ജി.എസ്.റ്റി കുറവ് ചെയ്തിട്ടില്ല.

പ്രോജക്ട് നം.	280/24,മാലിന്യനീക്കത്തിന് വാഹനം വാങ്ങൽ	206/24,എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ	റിമാർക്സ്
അടങ്കൽ തുക	7 ലക്ഷം	7 ലക്ഷം	സ്ഥാപനത്തിന്റെ 13/10/23 ലെ P-RJ 0277 നം. ഇൻവോയ്സ് പ്രകാരം മെഷീന്റെ വിലയിനത്തിലുള്ള ആകെ ചെലവ് 566500/- രൂപയാണ്. ബാലൻസ് തുകയായ 169550/- രൂപ 2024-25 വർഷം സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. (പ്രോ. നം. 341/25)
ചെലവ് തുക	445755	396550	
ഫണ്ടിനം	ശുചിത്വമിഷൻ ഫണ്ട്-300028 തനത് ഫണ്ട്- 145727	ശുചിത്വമിഷൻ ഫണ്ട്-300028	
ബിൽ നം.	300028- 451/13.03.24 145727 -452/13.03.24	310/24.01.24	
സ്രോതസ്സിൽ കുറവ് ചെയ്യേണ്ടിയിരുന്ന തുക (2%)	8915	7931	
കരാർ സ്ഥാപനം	റ്റാറ്റാ മോട്ടോഴ്സ് ലിമിറ്റഡ്	ആർ.ജെ.എന്റർപ്രൈസസ്	

ഇപ്രകാരം ജി.എസ്.റ്റി വിഹിതം സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/29.11.24) ജി.എസ്.റ്റി കുറവ് ചെയ്യുന്നത് അബദ്ധവശാൽ വിട്ടുപോയതാണെന്നും മേൽ പ്രോജക്ടുകളിൽ നിയമാനുസൃതം അടവാക്കേണ്ട ജി.എസ്.റ്റി കരാറുകാർ അടവാക്കിയെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥയായ അസി. സെക്രട്ടറി മറുപടി ലഭ്യമാക്കി. തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുമ്പോൾ ജി.എസ്.റ്റി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-36 സ്ത്രീ പദവി പഠനം-തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പാക്കിയ സ്ത്രീ പദവി പഠനം-തുടർപ്രവർത്തം എന്ന പ്രൊജക്ടിന് താഴെ കൊടുത്തിരിക്കും പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ചെലവ്, ഫണ്ടിനം	ബിൽ നം,. തീയതി
67/24 , സ്ത്രീ പദവി പഠനം-തുടർപ്രവർത്തം	100000/- വികസനഫണ്ട്(പൊതുവിഭാഗം), 100000/- തനതു ഫണ്ട്	90000/-, വികസനഫണ്ട്(പൊതുവിഭാഗം), 99280/- തനതു ഫണ്ട്	234/19.12.2023, വൗച്ചർ നം. 22301306, ചെക്ക് നം. 002382/26.3.24
ആകെ	2 ലക്ഷം	189280/	

പഞ്ചായത്തിലെ 17 വാർഡുകളിലെ സ്ത്രീകളുടെ സാമൂഹിക പദവി പഠനം നടത്തി സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിനായി ലക്ഷ്യമിട്ട പ്രൊജക്ട് അക്രഡിറ്റഡ് ഏജൻസിയായ 'സഖി' മുഖേനയാണ് നടത്തിയത്. വിവര ശേഖരണം, വിശകലനം, പഞ്ചായത്ത് കമ്മിറ്റിയുമായി മീറ്റിംഗുകൾ, റിപ്പോർട്ട് തയ്യാറാക്കൽ, റിപ്പോർട്ട് പ്രിന്റിംഗ്, പ്രൊജ്ക്ട് കോ-ഓർഡിനേറ്റർമാർക്കുള്ള ഹോണറേറിയം, സ്ഥാപനത്തിനുള്ള ചാർജ് എന്നിവയ്ക്കായാണ് സഖി എന്ന സ്ഥാപനത്തിന് തുക അനുവദിച്ചത്. 2022-23 ൽ ഇതേ പ്രൊജക്ടിനായി 144133/- രൂപ ചെലവഴിച്ചിരുന്നു. സ്ഥാപനം കരാർ പ്രകാരം സർവേ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിനായി ധാരാളം നിർദേശങ്ങളും കർമ്മ പരിപാടികളും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. നിലവിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളും പദ്ധതികളും സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/28.11.23) മറുപടി ലഭ്യമായില്ല. റിപ്പോർട്ടിലെ നിർദേശങ്ങളും ശുപാർശകളും നടപ്പാക്കുന്നതിലൂടെയും അതിനാവശ്യമായ നയങ്ങൾക്ക് രൂപം നൽകുന്നതിലൂടെയും മാത്രമേ ലിംഗതുല്യ പദവിയുള്ള പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കെത്തിച്ചേരുവാനും സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിനും സാധിക്കുകയുള്ളു. അതിനാവശ്യമായ നയങ്ങളും പ്രൊജക്ടുകളും രൂപീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-37 ലൈഫ് ഭവനപദ്ധതി- അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താവ് വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രീ.സുരേഷ്.പി.റ്റി & സുജാത കെ.കെ,പുല്ലാട്ടുതടം ,കുന്നപ്പള്ളി (വാർഡ് VIII)എന്ന ഗുണഭോക്താവ് 14.07.2020 ൽ ധനസഹായം ആദ്യ ഗഡുവായ 40000 രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ വീട് നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. ആദ്യ ഗഡു കൈപ്പറ്റി 4 വർഷം കഴിഞ്ഞിട്ടും ടി ഗുണഭോക്താവ് വീട് പണി ആരംഭിക്കാത്തത് സംബന്ധിച്ചും മേൽ ഗുണഭോക്താവിന്റെ വീട് പണി പൂർത്തിയാക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 33/30.11.24) മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താവിന്റെ വീട് പണി കൃത്യമായി നിരീക്ഷിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിർമ്മാണം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ തുക നിയമാനുസൃത പലിശ സഹിതം തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-38 ലാപ് ടോപ് വാങ്ങൽ-മത്സര ക്ഷമത ഉറപ്പാക്കാനാകുന്നില്ല

പഞ്ചായത്തിൽ തൻവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കാര്യാലയത്തിലേക്ക് ലാപ് ടോപ്പ് വാങ്ങൽ എന്ന പദ്ധതി- ഐ.സി.ഡി.എസ് സൂപ്പർവൈസറും ,ഹോമിയോ ഡിസ്പെൻസറിയിലേക്ക് ലാപ് ടോപ്പ് വാങ്ങൽ- മെഡിക്കൽ ഓഫീസർ ഹോമിയോയും നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്റ്റുകളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ചെലവ്, ഫണ്ടിനം	ബിൽ നം,. തീയതി
87/24 , ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കാര്യാലയത്തിലേക്ക് ലാപ് ടോപ്പ് വാങ്ങൽ	50000/- തനത് ഫണ്ട്	49980/- തനത് ഫണ്ട്	വൗച്ചർ നം. 22300829 (ചെക്ക് നം. 002008/28.11.23)
324/24, ഹോമിയോ ഡിസ്പെൻസറിയിലേക്ക് ലാപ് ടോപ്പ് വാങ്ങൽ	38016/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	38016/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	276/16.1.2024

ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കാര്യാലയത്തിലേക്ക് ലാപ് ടോപ്പ് വാങ്ങൽ പ്രൊജക്റ്റ് ജെം വഴി പർച്ചേസ് നടത്തി കുറഞ്ഞ നിരക്ക് (L1) സൂചിപ്പിച്ച കെ.എം, ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഹോമിയോ ഡിസ്പെൻസറിയിലേക്ക് ലാപ് ടോപ്പ് വാങ്ങൽ പ്രൊജക്റ്റിന് കേരള സ്റ്റേറ്റ് ഐ.റ്റി മിഷന് തുക കൈമാറുകയും കെൽട്രോണിൽ നിന്നും ലാപ് ടോപ്പ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ,(കൈ).നം. 115/2022/ത.സ്വ.ഭ.വ തീ. 28.5.22 ലെ അനുബന്ധം 4 ൽ സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷനോ അതിന് മുകളിലോ ഉള്ള ലാപ് ടോപ്പാണ് വാങ്ങിയിട്ടുള്ളത്. സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ലാപ് ടോപ്പ് ഉൾപ്പെടെയുള്ള ഐ.ടി. ഉപകരണങ്ങൾ സർക്കാർ സംവിധാനമായ Cprcs പോർട്ടലിൽ നിന്നും നോഡൽ ഏജൻസിയായ കെൽട്രോൺ വഴി വാങ്ങേണ്ടതാണെന്ന് ജി.ഒ.(പി) നം.10/2019/എസ് പി സിഡി തീയതി 22.08.2019 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഐ.സി.ഡി.എസ് കാര്യാലയത്തിലേക്കുള്ള വാങ്ങലിൽ ആയത് പാലിക്കാത്തതിനാൽ 11964 രൂപ അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള വാങ്ങൽ മാർഗരേഖയിൽ വാർഷിക ആവശ്യം കണക്കാക്കി ഒന്നിച്ച് ഓഫീസിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് നിർദേശമുണ്ട്. രണ്ട് പ്രൊജക്റ്റുകളിലും ലഭ്യമായ ലാപ് ടോപ്പുകളുടെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Sl.No.	Technical Specification	ICDS കാര്യാലയത്തിൽ ലഭിച്ച ലാപ് ടോപ്പ്(Acer)	Homeo ഡിസ്പെൻസറിയിൽ ലഭിച്ച ലാപ് ടോപ്പ്(Acer)
1	Processor	Intel Core I3 11^{th} Generation	Intel Core I3 11^{th} Generation
2	Memory	8 GB DDR4 RAM	8 GB DDR4 RAM
3	Hard Disk Drive	256 GB SSD	256 GB SSD
4	Display Size	14”	14”
5	Warranty	3 Years	3 Years

6	Operating System	Windows 11 Professional	Ubuntu

ഓപ്പറേറ്റിംഗ് സിസ്റ്റം ഒഴികെ ബാക്കിയെല്ലാം ഒരേ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളുടെ വാങ്ങലിൽ സർക്കാർ നിർദേശം പാലിക്കാത്തതിനാൽ അധിക തുക ചെലവായത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/28.11.24) മറുപടി ലഭ്യമായില്ല. സർക്കാർ നിർദ്ദേശം സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാണ് Operating System ത്തിന്റെ വില കൂടി പരിഗണിച്ചാലും പരമാവധി 5000/- രൂപ മാത്രമാണ് വർദ്ധനവ് വരുന്നത്.

സ.ഉ,(കൈ).നം. 115/2022/ത.സ്വ.ഭ.വ തീ. 28.5.22 ലെ അനുബന്ധം 4 ൽ സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷനിൽ തന്നെയാണ് (ഓപ്പറേറ്റിംഗ് സിസ്റ്റം ഒഴികെ) രണ്ടു ലാപ് ടോപ്പുകളും ലഭിച്ചിട്ടുള്ളത്. Acer Laptop ന്റെ നിലവിൽ ലഭ്യമായതിലും ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പ് കമ്പനി വെബ് സൈറ്റിൽ 35000 ൽ രൂപയിൽ താഴെയാണ് ഡിസ്കൌണ്ടുകൾക്ക് ശേഷം ലഭിക്കുന്നത്. ഐ.സി.ഡി.എസ് സൂപ്പർവൈസർ ജെം വഴി നടത്തിയ പർച്ചേസിന് നൽകിയ Filters ൽ Processor Generation 11, Operating System Windows 11 Professional, RAM -8GB, SSD Capacity-256 GB, Dispaly Resolution 1920*1080 എന്ന് നൽകിയതിന് Intel Core I3 Specification ഉള്ള ഒരു സ്ഥാപനം മാത്രമാണ് ലഭ്യമായത്. L2, L3 എന്നിവ Intel Core I5 Specification നിലുള്ള ഉയർന്ന വില സൂചിപ്പിച്ചവയായിരുന്നു. ഐ.ടി ഉപകരണങ്ങളുടെ നിലവിലുള്ള ജെം വഴിയുള്ള പർച്ചേസ് മത്സരക്ഷമമല്ലെന്നാണ് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്. കേവലം രണ്ടോ മൂന്നോ സ്ഥാപനങ്ങളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള എല്ലാ ജെം പർച്ചേസും നിലവിൽ നൽകി വരുന്നതെന്ന് കാണുന്നു. സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ലാപ് ടോപ്പ് ഉൾപ്പെടെയുള്ള ഐ.ടി. ഉപകരണങ്ങൾ സർക്കാർ സംവിധാനമായ Cprcs പോർട്ടലിൽ നിന്നും വാങ്ങലുകൾ നടത്തുന്നതിനും നോഡൽ ഏജൻസിയായ കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭിക്കാൻ താമസമോ മറ്റ് ബുദ്ധിമുട്ടുകളോ അനുഭവപ്പെടുന്ന പക്ഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ഐടി ഉപകരണങ്ങളുടെ വാങ്ങലിൽ ഏകീകൃത സ്വഭാവമുണ്ടാകുന്നതിനും ഈയിനത്തിൽ അധിക ചെലവ് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. കൂടാതെ ഒരു സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ ഐ.ടി ഉപകരണങ്ങളുടെ വാർഷിക ആവശ്യകത കണക്കാക്കി നിലവിലുള്ള പർച്ചേസ് രീതികൾ താരതമ്യം ചെയ്ത് ലാഭകരമായത് സ്വീകരിക്കുകയും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

1-39 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

2023-24 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 25000/- രൂപ പഞ്ചയായത്തിന് തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും അല്ലാത്ത പക്ഷം ടി തുക ഏതൊക്കെ ജീവനക്കാരിൽ നിന്ന് ഈടാക്കുവാനുള്ളതാണെന്നും, തുക ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/26.11.24) ഇതിൽ 16000/- രൂപ 2024-25 ൽ ലഭ്യമായിട്ടുണ്ടെന്നും 8000/- രൂപ ഹോമിയോ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമിതനായ ശ്രീ.സോണി ജോസ് എന്ന ജീവനക്കാരനിൽ നിന്നും തിരികെ ലഭിക്കുവാനുണ്ടെന്നും അവശേഷിക്കുന്ന 1000/- രൂപ നിലവിൽ ആരോഗ്യ വകുപ്പ് ജീവനക്കാരനായ ശ്രീ.ആന്റണിയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഇപ്രകാരം ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാകുവാൻ അവശേഷിക്കുന്ന 9000/- രൂപ (8000+1000) അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-40 കാലി ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കിയില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം /07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ12-4-06-ലെ ജി.ഓ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെ വിവിധ സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ റോഡുപ്രവൃത്തികളിൽ ടാർവീപ്പകളുടെ വിലയിനത്തിൽ ജി.എസ്.റ്റി ഉൾപ്പെടെ കരാറുകാരിൽനിന്നും ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	ചെലവ്	ഫണ്ട്	ബാരൽവില ഈടാക്കിയത്

277/24 ചിറ്റിലക്കാട്ടുപടി - കടലാനിക്കാട് റോഡ് ടാറിംഗ്	448129	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	3089/-
241/24 കൊല്ലപ്പള്ളി- പുത്തൂർ -വാറങ്കനാൽ റോഡ്ടാറിംഗ്	448008/-	,,	3370/-
245/24 നടുപ്ലാക്കിൽ കുറക്കാല റോഡ് ടാറിംഗ്	459581/-	,,	4213

രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലേക്കുമായി മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ്എൻക്വയറി നൽകിയിരുന്നതിന് (നം- 36/30-11-24) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരുടെ ബില്ലിൽനിന്നും ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക അതാത്ഫണ്ട് ശീർഷകത്തിൽ സർക്കാരിലേക്കും ജി.എസ്.റ്റി ഇനത്തലുള്ള തുക ബന്ധപ്പെട്ട വകുപ്പിനും അടവാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-41 അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് സ്ഥലം വാങ്ങൽ- സ്ഥലം അതിർത്തിനിർണ്ണയിച്ച് സംരക്ഷിച്ചിട്ടില്ല- കെട്ടിടനിർമ്മാണത്തിന് പ്രോജക്ട് ആവിഷ്ക്കരിച്ചില്ല

പ്രോജക്ട്	193/24
വകയിരുത്തൽ	500000/-(തനതുഫണ്ട്: 481317/-(ബ്ലോക്ക് വിഹിതം) 981317
ചെലവ്	1,63,696-തനതുഫണ്ട്:
ബിൽനമ്പർ	19/20-5-23

12-ാം വാർഡിലെ 55, 56 നമ്പർ അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി 2022-23വർഷം 55-ാം നമ്പർ അങ്കണവാടിക്കായി ശ്രീമതി രാധാമണി, ഇടപ്പറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള (ബ്ലോക്ക് നമ്പർ 29, റീസർവ്വേ നമ്പർ -109/2) 4സെന്റ് സ്ഥലം സെന്റൊന്നിന് 129,670/-പ്രകാരം 5,18683/-രൂപയ്ക്കു് വാങ്ങുകയും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യിട്ടുണ്ട്. സെക്രട്ടറിയിടെ പേരിൽ കരം അടവാക്കിയ രസീതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 56-ാം നമ്പർ അങ്കണവാടിക്ക് എബ്രഹാം ജോസഫ് എന്നയാളിൽനിന്നും (ബ്ലോക്ക് നമ്പർ 28,റീസർവ്വേനമ്പർ 33/17) 1.62ആർ 1ആറിന് 78971/-രൂപയും 28% സൊലേഷ്യവും ഉൾപ്പെടെ ആകെ 1,63,696 രൂപചെലവഴിച്ച് വാങ്ങുകയും സെക്രട്ടറിയുടെ പേരിൽ ആധാരം നടത്തുകയും ചെയ്യിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും സ്ഥലം നേരിൽ സന്ദർശിച്ചതിലും സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)56-ാം നമ്പർ അങ്കണവാടിക്കായി ശ്രീ എബ്രഹാം ജോസഫിൽ നിന്നും വാങ്ങിയ സ്ഥലം സെക്രട്ടറിയുടെ പേരിൽ ആധാരം ചെയ്യിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്ത് റവന്യൂരേഖകൾപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2)സ്ഥലങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ നടപടി ഉത്തരവുകളിൽ വാങ്ങുന്ന സ്ഥലം ചുറ്റുമതിൽകെട്ടി സംരക്ഷിക്കേണ്ടതാണെന്നും ഒരു വർഷത്തിനുള്ളിൽ നിശ്ചിത ലക്ഷ്യത്തിനായി പ്രയോജനപ്പെടുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ രണ്ട് സ്ഥലങ്ങളും അതിർത്തി നിർണ്ണയിച്ചിട്ടുള്ളതായും ചുറ്റുമതിൽ കെട്ടിസംരക്ഷിച്ചിട്ടുള്ളതായും കണ്ടില്ല.

3) ഐ.സി.ഡി.എസ് കേന്ദ്രവിഹിതം 20 ലക്ഷത്തിലധികം രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിട്ടും പ്രസ്തുത സ്ഥലങ്ങളിൽ കെട്ടിടം പണിയുന്നതിന് 24-25 വാർഷികപദ്ധതിയിലും പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിട്ടില്ല

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ- 28/29-11-24) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതും സ്ഥലം അതിർത്തി നിർണ്ണയിക്കുന്നതിനും പ്രോജക്ട് ആവിഷ്കരിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് പ്രസിഡന്റ് അറിയിച്ചു.

<u>1-42 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ</u>

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന നൂതനസംരംഭമാണ് ഹരിതകർമ്മസേന മുഖേനയുള്ള മാലിന്യ സംസ്കരണം. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊലൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്.ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും അതിനൊക്കെ സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

മുളക്കുളം ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജന മേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 17 വാർഡുകളിലായി ആകെ ജനസംഖ്യ 25798 ആണ്. ആകെ ആക്ടീവായിട്ടുള്ള വീടുകൾ 6200 എണ്ണവും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 580 എണ്ണവുമാണ്. 17 വാർഡുകളിലായി 34 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ച് വരുന്നു. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസ്സസ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഡിജിറ്റൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി QR കോഡ് പതിക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം പുരോഗമിച്ച് വരുന്നു. നിലവിൽ 88% സേവനം ആപ് വഴി നടത്തുവാൻ സാധിച്ചു. വീടുകളിൽ നിന്ന് 50 രൂപ വീതവും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപ വീതവുമാണ് ഈടാക്കിവരുന്നത് .ഫ്രണ്ട് ഓഫീസിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങൾക്കും ഹരിതകർമ്മസേന കാർഡ് പരിശോധിച്ച് വരുന്നു. എന്നിരുന്നാലും എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തിൽ 65% യൂസർ ഫീ കളക്ഷൻ നടത്തുന്നതിന് മാത്രമേ സാധിച്ചിട്ടുള്ളൂ. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നിരവധി പ്രാവശ്യം ബോധവൽക്കരണ ക്ലാസ് നടത്തിയിട്ടും സഹകരിക്കാത്ത വീടുകളും സ്ഥാപനങ്ങളും ഉണ്ടെന്നും വീടുകളിലും സ്ഥാപനങ്ങളിലും പതിച്ചിട്ടുള്ള QR കോഡുകൾ നശിപ്പിച്ച് കളയുന്ന പ്രവണതയും കണ്ടുവരുന്നതായും വി.ഇ.ഒ അറിയിച്ചു. സഹകരിക്കാത്ത വീടുകൾക്കും സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുന്നുണ്ട്. വ്യാജ വാർത്തകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും ഹരിതകർമ്മസേനാംഗങ്ങളോടുള്ള നിസ്സഹകരണ നിലപാടും ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

<u>മാലിന്യം കൈമാറ്റം/നീക്കം ചെയ്യലിലെ കാര്യക്ഷമത</u>

എല്ലാ മാസവും 10-ാം തീയതി മുതൽ 25 വരെയുള്ള ദിവസങ്ങളിൽ വീടുകളിൽനിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ മിനി എം.സി.എഫുകളിൽ എത്തിക്കുകയും 25-ാം തീയതി മുതൽ 30-ാം തീയതി വരെ മിനി എം.സി.എഫുകളിൽ സൂക്ഷിച്ചിരിക്കുന്ന മാലിന്യങ്ങൾ ഹരിതകർമ്മസേന തരം തിരിക്കുകയും പഞ്ചായത്തിലെ മെയിൻ എം.സി.എഫിലേക്ക് കയറ്റി

അയയ്ക്കുകയും ചെയ്യുന്നു. മാസാദ്യം തന്നെ ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക് കൈമാറുന്നു. കൃത്യമായി ക്ലീൻ കേരള കമ്പനിക്ക് കത്ത് അയയ്ക്കുകയും എല്ലാ മാസവും പ്ലാസ്റ്റിക് കൊണ്ടുപോവുകയും ചെയ്യുന്നുണ്ട്. മാലിന്യ മുക്തം നവകേരളത്തിന്റെ ഭാഗമായി പാതയോരങ്ങളും പൊതു സ്ഥലങ്ങളും വൃത്തിയാക്കി ലെഗസ്സി മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആശാ വർക്കർമാർ,ഹെൽത്ത് ഇൻസ്പെക്ടർ, വാർഡ് മെമ്പർമാർ എന്നിവർ ചേർന്ന് ശുചിത്വ സമിതി ചേരുകയും വാർഡുകൾ തോറും ബോധവൽക്കരണ ക്ലാസ്സ് നടത്തുകയും ചെയ്തിട്ടുണ്ട്.

മാലിന്യശേഖരണത്തിനായി ശുചിത്വമിഷന്റെ നിർദ്ദേശാനുസരണം പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ടി കലണ്ടർ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന മുഖാന്തിരം നൽകുകയും പ്രസ്തുത കലണ്ടർ പ്രകാരം അജൈവ മാലിന്യശേഖരണം നടന്നുവരികയും ചെയ്യുന്നുണ്ട്. കെൽട്രോൺ വഴി ഹരിതമിത്രം ആപ്പിന്റെ പരിശീലനം നടത്തിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകന യോഗം എല്ലാ മാസവും 4-ാം പ്രവൃത്തി ദിവസം പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തിവരുന്നു.

വാർഷിക പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജൈവമാലിന്യ സംസ്ക്കരണ ഉപാധികളും ബയോ ബിന്നുകളും മറ്റും 60% വീടുകളിൽ നൽകിയിട്ടുണ്ട്. ബാക്കി നടപ്പ് വർഷത്തെ പ്രോജക്ടിലുൾപ്പെടുത്തി നൽകുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. എന്നാൽ ജൈവമാലിന്യ സംസ്ക്കരണ ഉപാധികളുടേയും കമ്പോസ്റ്റ് പിറ്റുകളുടേയും അശാസ്ത്രീയമായ ഉപയോഗം മാലിന്യത്തെ ഉറവിടത്തിൽ സംസ്ക്കരിക്കുന്ന രീതിയ്ക്ക് തടസ്സം നിൽക്കുന്നുണ്ട്. ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സഹായത്തോടെ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്.

മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നു. പഞ്ചായത്ത് തലത്തിൽ നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിൽപന ചെയ്യുന്നത് തടയുന്നതിനായി ഒരു വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുകയും എല്ലാ മാസവും സ്ഥാപനങ്ങളിൽ പരിശോധന നടത്തിയും വരുകയും ചെയ്യുന്നു. സ്ക്വാഡിന്റെ വിവിധ ഫീൽഡ് തല പരിശോധനയുടെ ഭാഗമായി പ്ലാസ്റ്റിക് വലിച്ചെറിയുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കിവരുന്നുണ്ട്.

<u>തൊഴിൽ സാദ്ധ്യത</u>

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് മാസത്തിൽ ശരാശരി 15 ദിവസം ഓരോ ഹരിതകർമ്മസേനാംഗത്തിനും തൊഴിൽ ലഭ്യമാകുന്നതായി കാണുന്നു. ഓരോ വാർഡുകളിലേയും വീടുകൾ/സ്ഥാപനങ്ങളുടെ എണ്ണത്തിനാനുപാതികമായി പ്രതിമാസം ശരാശരി 5000 രൂപയ്ക്ക് മുകളിൽ മാത്രമേ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാനം ലഭിക്കുന്നുള്ളു. ഹരിതകർമ്മസേനാംഗങ്ങളുടെ പ്രായാധിക്യം പ്രവർത്തനങ്ങളെ ബാധിക്കുന്നതോടൊപ്പം വരുമാനത്തിൽ കുറവ് വരുന്നതിനും കാരണമാകുന്നുണ്ടെന്ന് വി.ഇ.ഒ അറിയിച്ചു. ഓരോ വാർഡിലെയും ഹരിതകർമ്മസേനാംഗങ്ങളുടെ ശരാശരി മാസ വരുമാനം ചുവടെ ചേർക്കുന്നു.

വാർഡ്	തുക
1	10740
2	12240
3	11178
4	8340
5	20736
6	8820
7	13575
8	10902
9	16730
10	8400
11	8590
12	10800
13	13810
14	14330
15	9040
16	10395
17	13140

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി എല്ലാ വാർഡുകളിലും കാമ്പയിൻ നടത്തുകയും ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തുകയും ചെയ്തു. കുട്ടികളുടെ ഹരിതസഭ നവംബർ

മാസത്തിൽ നടത്തിയതായി വി.ഇ.ഒ അറിയിച്ചു. വാതിൽപടി ശേഖരണത്തിലെ ന്യൂനതകൾ കണ്ടെത്തി 100% യൂസർ ഫീ കളക്ഷൻ നേടുന്നതിനും സുസ്ഥിര പാഴ് വസ്തു ശേഖരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഹരിത മിഷൻ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതി പൂർണ്ണമായും ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വാർഡുകളിലെ അജൈവ മാലിന്യശേഖരണം സുഗമമാക്കുന്നതിന് 2023-24 വർഷം വാഹനം (TATA ACE) വാങ്ങിനൽകിയിട്ടുണ്ട്. പ്രസ്തുത വാഹനത്തിലാണ് നിലവിൽ മാലിന്യനീക്കം നടത്തി വരുന്നത്.

(ബെയിലിംഗ് മെഷീൻ)

ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള എം.സി.എഫ് V-ാം വാർഡിൽ മാർക്കറ്റിലാണ് സ്ഥിതിചെയ്യുന്നത്. എം.സി.എഫിൽ വലിയ വാഹനങ്ങൾ എത്തുന്നതിന് വഴി സൗകര്യം ഉണ്ട്. എം.സി.എഫിൽ ആകെയുള്ള 1000 സ്ക്വയർ ഫീറ്റ് സ്ഥല വിസ്തീർണ്ണത്തിൽ സ്റ്റോറേജ് ഏരിയ ,ശുചിമുറി,ഫസ്റ്റ് എയ്ഡ് ബോക്സ് എന്നീ സൗകര്യങ്ങളുണ്ട്. എം.സി.എഫിൽ 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. എം.സി.എഫിൽ ഫയർ എക്സ്റ്റിൻഗ്യൂഷർ സ്ഥാപിക്കുകയും അതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ പ്രോജക്ടിലുൾപ്പെടുത്തി എം.സി.എഫിൽ ഓഫീസ് സൗകര്യം, സോർട്ടിംഗ് ഏരിയ, കൺവെയർ ബെൽറ്റ്,ട്രോളി എന്നിവ നടപ്പാക്കുമെന്ന് വി.ഇ.ഒ അറിയിച്ചു. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി എല്ലാ വാർഡിലും ഓരോ മിനി എം.സി.എഫുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വി.ഇ.ഒ അറിയിച്ചു.

(എം.സി.എഫ് കെട്ടിടം)

ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, മാസ്ക്, ഗ്ലൗസ്, തൊപ്പി, ഫസ്റ്റ് എയ്ഡ്കിറ്റ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങളെ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതും ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യേണ്ടതുമാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

ഹരിതകർമ്മസേനയിലൂടെയും ഇതരമാർഗ്ഗങ്ങളിലൂടെയും ഗ്രാമപഞ്ചായത്ത് നടത്തികൊണ്ടിരിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതും സാങ്കേതികവിദ്യകൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നും സൗകര്യപ്രദമായ എം സി എഫ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഈ മേഖലയിൽ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തേണ്ടതും സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൻമേലുള്ള വിപുലമായ താൽപര്യം അതേ ഗൗരവത്തിൽ ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കി ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന് ഹരിത കർമ്മസേനയെ പ്രാപ്തരാക്കേണ്ടതാണ്.

<u>ഭാഗം -2</u>

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

<u>ഭാഗം -3</u>

<u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

<u>ഭാഗം -4</u>

<u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-24	01.06.2024	25.11.2024

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പ്രോജക്ട് നമ്പർ	വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിൻറെ പേര്	ചെലവ്
82/24	ബ്ലോക്ക് പഞ്ചായത്ത്	900000	ലൈഫ് ഭവന പദ്ധതി ജനറൽ (പൊതു വിഭാഗം)	900000
125/24	;	765207	ലൈഫ് ഭവന പദ്ധതി എസ്സ്.സി(പട്ടികജാതി)	765207
44/24	;	200000	ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്	200000
289/24	;	448696	കുന്നപ്പള്ളി കോയിക്കവെളവിൽ ടേക്ക് എ ബ്രേക്കിനോട് അനുബന്ധിച്ച് ലഘുഭക്ഷണ ശാല ഉൾപ്പടെയുള്ള അടിസ്ഥാന സൌകര്യം	448696
291/24	;	348602	ഇടപ്പറമ്പിൽ റെയിൽവെ സ്റ്റേഷൻ റോഡ് പുനരുദ്ധാരണം വാർഡ് 12	348602
77/24	;	442665	പാലിന് സബ്സിഡി	442665
	ആകെ	3105170		2339963
82/24	ജില്ലാ പഞ്ചായത്ത്	2560000	ലൈഫ് ഭവന പദ്ധതി ജനറൽ(പൊതു വിഭാഗം)	2560000
125/24	;	740000	ലൈഫ് ഭവന പദ്ധതി എസ്സ്.സി(പട്ടികജാതി)	740000
197/24	;	2140000	ലൈഫ് ഭവന പദ്ധതി ജനറൽ(പൊതു വിഭാഗം)	2140000
44/24	;	150000	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	150000
192/24	;	3191000	പൊതുശ്മശാനം ആധുനികവത്കരണം/ വാർഡ് 8	3191000
	ആകെ	8781000		8781000

4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിന് തൻവർഷം തുക നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

4-5 വായ്പ/വായ്പതിരിച്ചടവ്

2023-24 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ്68/2018 തസ്വഭവ തീ18-5-2018	4141294/-	2215000/-	1482706	-	4873588

4-6 സ്ഥിരനിക്ഷേപങ്ങൾ

2023-24 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	0
തൻവർഷം നിക്ഷേപിച്ച തുക	1,00,00,000
ആകെ	1,00,00,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1,00,00,000

പഞ്ചായത്ത് ഭരണസമിതിയുടെ 06.02.2023 ലെ 4-ാം നമ്പർ തീരുമാന പ്രകാരം പുതിയതായി ആരംഭിച്ച സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥിരനിക്ഷേപ അക്കൗണ്ട് നം.	നിക്ഷേപിച്ച തീയതി	തുക (രൂപ)	ബാങ്ക്/ട്രഷറി	കാലാവധി
1	41841840175	17.04.2023	50,00,000	എസ്.ബി.ഐ പെരുവ ശാഖ	07.04.2025
2	43061590667	16.05.2023	50,00,000	എസ്.ബി.ഐ പെരുവ ശാഖ	16.05.2024

ഇതിൽ ക്രമ നമ്പർ. 2 ലെ സ്ഥിരനിക്ഷേപം 19.06.2024 ൽ 6 മാസക്കാലാവധിയിൽ പുതുക്കി നിക്ഷേപിച്ചതിനാൽ നിക്ഷേപാരംഭത്തിലെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ വിവരങ്ങൾ ലഭ്യമല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15 2015-16	2-5 2-6, 2-7, 2-8, 2-10	2016-17	അനുബന്ധം 4, അനുബന്ധം 5	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

2014-15		2016-17	അനുബന്ധം 3	വസ്തുനികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)	:	78155176
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)	:	64134187
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2209115/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-27	200000/-	ശ്രീമതി പ്രസന്ന എസ്.റ്റി, അസിസ്റ്റന്റ് സെക്രട്ടറി
1-29	809115/-	ശ്രീ സാലിൻ പി.എസ്, അസി.എഞ്ചിനീയർ
1-34	1200000/-	ശ്രീമതി ജയമോൾ കെ.ജെ, ഹെഡ്മിസ്ട്രസ്
ആകെ	2209115/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിയ്ക്കുന്ന ഖണ്ഡികകൾ
2003-04	കെ.എസ്.എ കെ.ടി.എം പി.5.325/07/04.08.07	
2004-05	കെ.എസ്.എ കെ.ടി.എം പി 8 അദാ.2022/861(2)/04.08.22	2
2007-08	കെ.എസ്.എ കെ.ടി.എം പി 8 അദാ/2022/86(4)/22/04.08.22	5

2009-10&2010-11	കെ.എസ്.എ കെ.ടി.എം പി 8 (അദ്ദാ.2018)/43(6)/ 2018/09.01.18	24
2011-12	കെ.എസ്.എ കെ.ടി.എം പി 8 (അദ്ദാ.2018)/43(7)/ 2018/09.01.18	16
2012-13 & 2013-14	കെ.എസ്.എ കെ.ടി.എം പി 8 -അദ്ദാ/2022/1652(1)/22/09.08.2022	8
2014-15	കെ.എസ്.എ കെ.ടി.എം പി 8 -അദ്ദാ/2022/861(6)/22/04.08.22	5
2015-16	കെ.എസ്.എ കെ.ടി.എം പി 8 -അദ്ദാ/2022/1652(2)/22/04.08.2022	8
2016-17	കെ.എസ്.എ കെ.ടി.എം പി 8 -അദ്ദാ/2022/1652(3)/22/04.08.2022	18
2017-18	കെ.എസ്.എ കെ.ടി.എം പി 8 -അദ്ദാ/2022/1652(4)/22/04.08.2022	19
2018-19	കെ.എസ്.എ കെ.ടി.എം പി 8 -അദ്ദാ/2022/171(2)/04.08.2022	28
2019-20	കെ.എസ്.എ കെ.ടി.എം പി 8 -/1611/22/07.06.22	17
2020-21	കെ.എസ്.എ കെ.ടി.എം പി 8 -1618/22/17.05.2022	19
2021-22	കെ.എസ്.എ കെ.ടി.എം പി 8 .2519/2022/17.01.2023	41
2022-23	കെ.എസ്.എ കെ.ടി.എം പി 8 .1484/2023/25.03.2024	44

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 14-05-2024 and submitted on 01-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Mulakkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Mulakkulam Grama Panchayat as on 31-03-2024

Date: 20/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Mulakkulam Grama Panchayat for the Year 2023-2024.

1.Major Observations

1.Accumulated depreciation through Prior period adjustment in 2022-23 Rs.2.61 crore
is not adjusted in 2023-24 and the details are not available.

2.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2024.
3.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.
4.Non Disclosure of Capital Contribution-Captal contribution opening balance details,
fundwise capital contribution of current year are not available.

2.Other Observations

1.Accrual accounting of contingent expenditure for the year has done in a single liability
account head even though proper accounting heads are available.
2.Value of Bus stand is wrongly accounted as asset in the balance sheet.
3.The details of Amounts Deposited in water authority for deposit works are not available.
4.The amount not actually received is accounted as current year receipt.
5.Audit Recovery Register is not properly maintained.

Deputy Director
kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്